നം.കെഎസ്എ.-കെ.ടി.എം.പി.5-217/2019 തീയതി : 04.04.2019

# കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.07.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 28.02.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.02.2019 മുതൽ 28.02.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ.ആർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് .എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുനിത.എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ബാബുരാജ് കെ. ബി. | ഓഡിറ്റർ(ഹ.ഗ്രേ.) |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | അഡ്വ.ജയ ശ്രീധർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ. റ്റി.എൻ .ഗിരീഷ് കുമാർ | 01.04.2017 മുതൽ 11.12.2017 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി.ജയശ്രീ വി ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി.മോളിക്കുട്ടി തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീമതി ബിന്ദു സന്തോഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ കെ.എൻ.രാധാകൃഷ്ണൻ | 01.04.2017 മുതൽ 03.06.2017 വരെ |
| | ശ്രീ സുനിൽ വി. അബ്ബാസ് | 04.06.2017 മുതൽ 15.06.2017 വരെ |
| | ശ്രീമതി സൂസി ജോസഫ് | 15.06.2017 മുതൽ 09.11.2017 വരെ |

| | | |
|---|---|---|
| | ശ്രീ.ഷാജിഹാൻ.പി.എച്ച്(ചാർജ്ജ്) | 10.11.2017 മുതൽ 21.01.2018 വരെ |
| | ശ്രീ.എ.ഒ.അജു | 22.01.2018 മുതൽ 31.03.2018വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ബെസ്സി | 01.04.2017 മുതൽ 13.6.2017 വരെ |
| | ശ്രീ വേണുഗോപാൽ | 14.06.2017 മുതൽ 30.10.2017വരെ |
| | ശ്രീ ജെഫിൻ ജെ.എസ് | 31.10.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഡെന്നീസ് തോമസ് | 01.04.2017 മുതൽ 27.10.2017വരെ |
| | ഡോ.രാഹുൽ | 28.10.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | ഡോ. അരുൺകുമാർ | 01.04.2017 മുതൽ25.09.2017വരെ |
| | ഡോ. അനീഷ് വർക്കി | 26.09.17 മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ –ആയുർവേദം | ഡോ. ബീന കെ ദാസ് | 01.04.17 മുതൽ 21.12.2017 വരെ |
| | ഡോ.അഞ്ജലി.വി | 22.12.17 മുതൽ 20.02.2018 വരെ |
| | ഡോ. ധന്യ | 21.02.18 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ –ഹോമിയോ | ഡോ. റോയ് മാത്യു | 01.04.17 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-1 | രാജേഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-2 | സജി മോഹൻദാസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വസന്തകുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ(LSGD) | ദിലീപ് കുമാർ | 01.04.17 മുതൽ 06.11.2017 വരെ |
| | ജയപ്രകാശ് പി. എൻ. | 07.11.17 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | പി. ഡി. ഉഷ | 01.04.17 മുതൽ 31.03.2018 വരെ |
| ക്ഷീരവികസന ഓഫീസർ | വിജയകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | പി. എച്ച്. ഷാജിഹാൻ | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 2-1 | ഫ്രണ്ട് ഓഫീസ് കളക്ഷൻ തുക ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നതിൽ കാലതാമസം |
| 2-2 | ട്രഷറി അക്കൗണ്ടിൽ ഇല്ലാത്ത തുകകൾ ബാലൻസായി വാർഷിക കണക്കിൽ അവശേഷിക്കുന്നു |
| 2-3-1 | വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 2-3-2 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിൽ നിർണ്ണയിച്ചു |
| 2-4 | ജീവനക്കാരുടെ സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല |
| 2-5 | ഡി & ഒ ട്രേഡ് ലൈസൻസ് – അവലോകനം |
| 2-6 | മണ്ണ് ലേലം – അപാകതകൾ |
| 2-7 | കടമുറി അനധികൃതമായി കൈവശം വച്ചു – വാടക കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു |
| 2-8 | പൊളിച്ചുമാറ്റിയ കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയില്ല |
| 2-9 | ടെണ്ടർ ഫോം വിൽപ്പന – ജി.എസ്.ടി. ഈടാക്കിയില്ല |
| 2-10 | ലേലനടപടികൾ സ്വീകരിച്ചിട്ടില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് – പ്ലാസ്റ്റിക വേസ്റ്റ് നീക്കം ചെയ്യതിന് മാനദണ്ഡങ്ങൾ പാലിക്കാതെ തുക നിശ്ചയിച്ചു |
| 3-2 | ശബരിമല ഗ്രാന്റ് |
| 3-3 | സ്വയംതൊഴിൽ സംരംഭം – തുണിസഞ്ചി നിർമ്മാണം – പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 | പ്രവർത്തനമില്ലാത്ത പകൽവീടിന് ഫർണിച്ചർ വാങ്ങൽ – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-5 | തെരുവുവിളക്ക് മെയിന്റനൻസ് – നടപടിക്രമങ്ങളിൽ അപാകത |
| 3-6 | ആശ്രയപദ്ധതി – പ്ലാൻ ഫണ്ട് തുകകൾ പിൻവലിച്ച് സി.ഡി.എസ്.അക്കൗണ്ടിൽ സൂക്ഷിക്കുന്നു |
| 3-7 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല – കരാർ വച്ചിട്ടില്ല – 6,92,542/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | ബാലസഭ – പരിധിയിൽ കവിഞ്ഞ് തുക വകയിരുത്തി |
| 3-9 | റോഡ് പ്രവൃത്തികൾ – ബാരൽ വില ഈടാക്കിയില്ല |
| 3-10 | ഗുണഭോക്തൃസമിതി കൺവീനർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധികം തുക നൽകി |
| 3-11 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ് അധികം നൽകി |
| 3-12 | കർഷകമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എൽ.ബി.എസ്.ന് അധിക മുൻകൂർ നൽകി |
| 3-13 | ശാന്തിതീരം ഗ്യാസ് ക്രിമറ്റോറിയം – കൺസൽട്ടൻസി ഫീസ് അധികം നൽകിയത് തിരികെ ഈടാക്കണം |
| 3-14 | ക്ലബ്ബുകൾക്ക് സ്പോട്സ് കിറ്റ് വിതരണം – മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു |
| 3-15 | ബാലസഭ യോഗപരിശീലനം – ഫലപ്രദമായില്ല |
| 3-16 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ – മരുന്ന് പൂർണ്ണമായി ലഭിച്ചില്ല – 13,951/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-17 | വാറ്റ് ഇനത്തിൽ വകയിരുത്തിയ തുക കൺവീനർക്ക് നൽകിയത് ക്രമപ്രകാരമല്ല |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |

| | |
|---|---|
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് വിശകലനം

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 21.03.2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 3,97,98,827 | 4,18,80,862/- |
| വരവ് | 27,05,74,676 | 9,84,94,774/- |
| ആകെ | 31,03,73,503 | 14,03,75,636/- |
| ചെലവ് | 30,72,08,900 | 9,81,42,401/- |
| നീക്കിയിരിപ്പ് | 31,64,603 | 4,22,33,235/- |

2017-18 വർഷം 31.03 കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും 30.72 കോടി പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2017-18 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം (ബി-ഫണ്ട്, പഞ്ചായത്തിന് ക്യാഷ് വരവില്ലാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയുൾപ്പടെ) വരുമാനം 13.21 കോടി രൂപയും ചെലവ് 12 കോടി രൂപയുമാണ്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 17.05.2018-ലെ 17(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 20.06.2018 ലെ കത്ത് പ്രകാരം 21.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകിയതിന്റെ വിവരം

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 29.06.2018, 30.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 06.07.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി5-1284/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4,18,80,862.44/- |
| വരവ് | 9,84,94,774/- |
| ആകെ | 14,03,75,636.44/- |
| ചെലവ് | 9,81,42,401/- |
| നീക്കിയിരിപ്പ് | 4,22,33,235.44/- |

## 1-5 ഫണ്ട് വിനിയോഗം

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 2,28,07,841/- | 2,28,07,841/- | 2,02,31,344/- | 25,76,497/- | 88.70 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 43,95,315/- | 43,95,315/- | 37,75,000/- | 620315/- | 85.88 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 4,01,837/- | 4,01,837/- | 4,01,700/- | 137/- | 99.96 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 1,58,86,000/- | 1,58,86,000/- | 1,14,87,522/- | 43,98,478/- | 72.31 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 42,29,000/- | 42,29,000/- | 35,52,537/- | 6,76,463/- | 84 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 89,22,456/- | 89,22,456/- | 65,85,604/- | 23,03,852/- | 74 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 42,51,248/- | 42,51,248/- | 42,51,248/- | 0/- | 100 |
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 1099/- | 6750023/- | 6751122/- | 6747393/- | 3729/- | |

| | | | | | | |
|---|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 1,17,000/- | 3,00,000/- | 4,17,000/- | 0 | 4,17,000/- | - |
| ഐ.സി.ഡി.എസ്.(ICDS) | 397291/- | 9,10,662/- | 13,07,953/- | 96,000/- | 12,11,953/- | - |
| യുവ ക്രീഡ ഖേൽ അഭിയാൻ(PYCA) | 53027/- | 2617/- | 55644/- | 0 | 55644/- | - |
| സാക്ഷരത ഗ്രാന്റ് | 806/- | 56240/- | 57046/- | 56200/- | 846/- | - |
| ഖരമാലിന്യ സംസ്കരണ ഗ്രാന്റ് | 0 | 20,00,000/- | 20,00,000/- | 0 | 20,00,000/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 1,13,990/- | 1,13,990/- | 95,466/- | 18524/- | - |
| കേരളോൽസവം ഗ്രാന്റ് | 0 | 15,000/- | 15,000/- | 15,000/- | 0 | 100 |
| സംയുക്ത പ്രോജക്ട്( ജില്ല പഞ്ചായത്ത് വിഹിതം) | 0 | 25,00,000/- | 25,00,000/- | /- | 25,00,000/- | - |
| സംയുക്ത പ്രോജക്ട് ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 119900/- | 624997/- | 744897/- | 624997/- | 119900/- | |
| ബി-ഫണ്ട് | 0 | 46874120/- | 46874120/- | 46874120/- | 0 | 100 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

പദ്ധതി രൂപീകരണം

സ്ഥാപനത്തെ സാമ്പത്തിക വളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹികനീതിയുടേയും പരിസ്ഥിതി സുരക്ഷയുടേയും ഉത്തമമാതൃകയാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതിക്കാലമായ 2017-18 വർഷം പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത നിർദ്ദേശപ്രകാരമുള്ള ആസൂത്രണ രീതികൾക്കനുസരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതി രൂപീകരണത്തിന്റെ ഉടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്)72/2017 /ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം ചുവടെ വിവരിക്കും പ്രകാരമുള്ള വിവിധ ഘട്ടങ്ങൾ നടത്തിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭ | 21-2-17 മുതൽ 2-3-17 വരെയുള്ള വിവിധ തീയതികൾ |
| വികലാംഗ ഗ്രാമസഭ | 13-2-17 |

| | |
|---|---|
| വർക്കിങ്ങ് ഗ്രൂപ്പ് | 12-4-17 |
| നിർവ്വഹണ ഉദ്യോഗസ്ഥരുടേയും മെമ്പറുമാരുടേയും മീറ്റിങ്ങ് | 27-6-17 |
| ആസൂത്രണ സമിതി | 19-5-17 |
| വികസനസെമിനാർ | 12-4-17 |

പദ്ധതി അംഗീകാരം

2017-18-ലെ അന്തിമ വാർഷികപദ്ധതി അംഗീകരിച്ച തീരുമാനിച്ച (07-3-18-ലെ തീരുമാനം 6(1). ജില്ലാ ആസൂത്രണസമിതിയുടെ 31.3.2018ലെ 490/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 163388076/- രൂപയാണ് വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുള്ളത്. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 367 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 235 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്.

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം (സുലേഖ പത്രിക പ്രകാരം) ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 6 | 6 | 797623/- | 701495/- | 88 |
| 2. | വെറ്ററിനറി സർജൻ | 7 | 7 | 7459000/- | 3515620/- | 47 |
| 3. | മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | 1 | 1 | 550,000/- | 533115/- | 97 |
| 4 | മെഡിക്കൽ ഓഫീസർ –ഹോമിയോ | 1 | 1 | 200000/- | 200000/- | 100 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 800,000/- | 746800/- | 93 |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-1 | 5 | 5 | 2526000/- | 2017000/- | 80 |
| 7 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-2 | 6 | 5 | 3940000/- | 2808000 | 71 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 8 | 6743849/- | 5985525/- | 89 |
| 9 | സെക്രട്ടറി | 35 | 31 | 11873415/- | 9623384/- | 81 |
| 10 | ഹെഡ്മിസ്ട്രസ് | 5 | 5 | 910000/- | 610987/- | 67 |
| 11 | അസിസ്റ്റന്റ് എൻജിനീയർ (LSGD) | 278 | 153 | 124765022/- | 30642905/- | 24 |

| | | | | | | |
|---|---|---|---|---|---|---|
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 1069167/- | 1069167/- | 100 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 1754000/- | 1623580/- | 92.5 |
| ആകെ | | 367 | 235 | 163388076/- | 60077598/- | 36.7 |

ആകെ ചെലവ് ശതമാനം 36.7% മാത്രമാണ്. കാർഷികമേഖലയിൽ വൈവിദ്ധ്യമാർന്ന പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുവാൻ സാധിച്ചു. സുലേഖ ചെലവ് പത്രിക പ്രകാരം വെറ്ററിനറി സർജൻ ആകെ വകയിരുത്തിയ തുകയുടെ 47% മാത്രമേ ചെലവഴിച്ചിരുന്നുള്ളൂ. ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് സുലേഖയിൽ ചെലവ് രേഖപ്പെടുത്താത്തത് കാരണമാണ് ഇത്തരത്തിൽ ചെലവ് ശതമാനം കുറഞ്ഞ് കാണിക്കുന്നത്. ഉത്പാദനമേഖലയിൽ പശുവളർത്തൽ, മുട്ടക്കോഴി വിതരണം, ആട് വിതരണം എന്നിവയ്ക്കായി തുക ചെലവഴിച്ചു. മാലിന്യനിർമ്മാർജ്ജനത്തിന് വിവിധ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ശബരിമല ഗ്രാന്റ് ഉപയോഗിച്ച് കുടിവെള്ള സംഭരണികൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

പൊതുമരാമത്ത് ജോലികൾ കൂടുതലും റോഡ് കോൺക്രീറ്റിങ്ങ്/ടാറിങ്ങ് വർക്കുകളാണ്. ശാന്തി തീരം ഗ്യാസ് ക്രിമറ്റോറിയം, കർഷകമാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സ് എന്നീ ഗ്രാമപഞ്ചായത്തിന് അഭിമാനാർഹമായ പ്രോജക്ടുകൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അസി.എഞ്ചിനീയർക്ക് ആകെ വകയിരുത്തിയ തുകയുടെ 24% മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിരുന്നുള്ളൂ.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

2017-18 വർഷം പദ്ധതി മാർഗ്ഗരേഖ പ്രകാരം അനിവാര്യമായി നിശ്ചയിച്ചമേഖലകളിൽ ഉൾപ്പടെ 13 വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് രേഖപ്പെടുത്തലുകളിൽനിന്നും പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പല വർക്കിംഗ് ഗ്രൂപ്പുകളുടെയും കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചു എന്ന് കാണുന്നു. പൊതുമരാമത്തുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിങ്ങ് കാര്യക്ഷമമായിരുന്നില്ല. കൂടാതെ മറ്റ് പ്രോജക്ടുകളുടെ മോണിറ്ററിങ്ങും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി നിർവ്വഹിച്ചതായി കാണുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ നിശ്ചയിക്കുക, എന്നീ ചുമതലകൾ ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റി തൃപ്തികരമായി നിശ്ചയിക്കുന്നുവെങ്കിലും പദ്ധതി കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് സ്ററാന്റിങ്ങ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടുണ്ട്.

വികസനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി

വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിങ്ങനെ നിയമപരമായി ചുമതലപ്പെട്ട വിഷയങ്ങളും ബന്ധപ്പെട്ട പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ, കരാറുകാർ എന്നിവരെ യോഗം വിളിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

വനിതാ വികസനം, പട്ടികജാതി/പട്ടിക വർഗ്ഗ വികസനം, വൃദ്ധർ, കുട്ടികൾ എന്നിവയുമായി ബന്ധപ്പെട്ട നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ഇടപെടൽ ഉണ്ടായിട്ടില്ല. സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകളുടെ പരിശോധന മാത്രമായി സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ പ്രവർത്തനം ചുരുങ്ങാതെ നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും ഇടപെടൽ ഉണ്ടാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾക്ക് നടത്തുകയും തീരുമാനങ്ങളെടുത്ത് ജനറൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. യോഗതീരുമാനങ്ങളും ചർച്ചാവിഷയങ്ങളും കൃത്യമായി രേഖപ്പെടുത്തി മിനിറ്റ്സ്ബുക്ക് ക്ലോസ് ചെയ്തിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 87 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 69 പ്രോജക്ടുകളിൽ 69 പ്രോജക്ടുകളും തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 19314 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 436 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, തരിശുനിലങ്ങൾ കൃഷിക്ക് ഒരുക്കൽ, നഴ്സറി നിർമ്മാണം,വൃക്ഷത്തൈ നടീൽ കുളള്സ് നിർമ്മാണം, കിണർ നിർമ്മാണം, കുളം നിർമ്മാണം, തോട് ആഴം കൂട്ടൽ , സർക്കാർ ഭവന പദ്ധതി (അവിദഗ്ധ തൊഴിൽ) തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം സിൻഡിക്കേറ്റ് ബാങ്കിന്റെ പൊൻകുന്നം ശാഖ (ബാങ്ക് അക്കൗണ്ട് നം.43522200039085) മുഖേനയാണ് നടത്തുന്നത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് (കാഷ് ബുക്ക് പ്രകാരം) | | | 1099/- |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 5871973/- | 6406079/- |
| | ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ) | 534106/- | |
| ആകെ | | | 6407178/- |
| ചെലവ് | തൊഴിലാളികളുടെ വേതനം | 5052961/- | 6403449/- |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 819012/- | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 531476/- | |
| നീക്കിയിരിപ്പ് | | | 3729/- |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 62 | 39,120/- |
| കർഷകതൊഴിലാളി പെൻഷൻ | 180 | 2076400/- |
| വിധവാപെൻഷൻ | 1066 | 12625400/- |
| വാർദ്ധക്യകാലപെൻഷൻ | 1997 | 27708900/- |
| വികലാംഗപെൻഷൻ | 341 | 3472600/- |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 47 | 561700/- |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 13 | 390,000/- |
| ആകെ ബി-ഫണ്ട് | | 46874120/- രൂപ |

## 1-9 ക്യാഷ് പരിശോധന

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 25.02.2019 തീയതിയിൽ 3.30 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 1,27,837/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവുകളും അവയുടെ പാലനവും

ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിരുന്നത്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

നികുതി സംബന്ധമായ വരവുകളുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചു പോരുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. വിവിധ കമ്മറ്റികളുടെ മിനിറ്റ്സ് ബുക്കുകൾ, കെട്ടിടനിർമാണ പെർമിറ്റ് രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

അക്കൗണ്ടിംഗ് സംവിധാനം

സാംഖ്യാ സമ്പ്രദായത്തിലുള്ള അക്കൗണ്ടിങ്ങ് നടപ്പാക്കിവരുന്നു. ഇഎംഡി തുകകൾ ലേല തുകയിൽ ക്രമീകരിക്കുമ്പോൾ കൃത്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ചവരുന്നുണ്ട്. കാഷ് ബുക്ക്, ഡേ ബുക്ക്, വിവിധ ബാങ്ക് റിക്കൺസിലിയേഷനുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി നിരീക്ഷിച്ച് വരുന്നു.

പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ പ്രവർത്തനം

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടുംകൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവർത്തികളും വാങ്ങലുകളും നടത്തി വരുന്നു.

പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

ആസ്തി നിയന്ത്രണം ഫലപ്രദമല്ല

സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തുന്നുവെങ്കിലും സചിത്ര സോഫ്റ്റ്‌വെയർ മുഖാന്തിരം രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.02.2019 | 01/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.03.2017 മുതൽ 22.03.2017 വരെ | 2014-15 മുതൽ 2015-16 വരെ | LBA(HQ) 8A-2594/22 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വാർഷിക കണക്കുകളോടൊപ്പം അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2.സ.ഉ.(എംഎസ്)152/2011/തസ്വഭവ തീയതി 26.07.2011 പ്രകാരം ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് വാഹനം നാളിതുവരെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.തൻവർഷ കുടിശികകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തുന്നതിന് I-16 ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

4.സഹകരണബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും നൽകിയിട്ടുള്ളതും കാലഹരണപ്പെട്ടതുമായ താഴെപറയുന്ന ചെക്കുകൾ 31.03.2018-ൽ പണമാക്കാത്ത ചെക്കുകളായിട്ടാണ് പൊരുത്തപ്പെടുത്തൽ പത്രികയിൽ ചേർത്തിട്ടുള്ളത്. ആയത് 350800101 - liability in respect of stale cheque എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 602069 | 09.11.17 | 230 |
| 601866 | 10.10.17 | 1334 |
| 601890 | 23.10.17 | 480 |
| 601449 | 12.07.17 | 430 |
| 601421 | 21.01.17 | 269 |
| 601638 | 25.07.17 | 324 |

5.ബാലൻസ് ഷീറ്റിലെ B-5 ഷെഡ്യൂൾ പ്രകാരം ലോൺ തുക 11,56,446/- രൂപയും ലോൺ രജിസ്റ്റർ പ്രകാരം 11,74,860/-രൂപയുമാണ്. 18,414/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

6.ബാലൻസ് ഷീറ്റിലെ ബി-7 ഷെഡ്യൂൾ പ്രകാരം 340109901-മറ്റു നിക്ഷേപങ്ങൾ എന്ന ഹെഡിൽ 90,18,711/- രൂപ നീക്കിയിരിപ്പുണ്ട്. രജിസ്റ്റർ പ്രകാരം ഇതിൽ 90,08,396/- രൂപ ഓപ്പണിംഗ് ബാലൻസ് ആണ്. ഈ തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

7.ബി-18 ഷെഡ്യൂൾ പ്രകാരം 460560202-Advance to implementing agencies deposit with Kerala Electricity Board – എന്ന ശീർഷകത്തിൽ കാണിച്ചിട്ടുള്ള 17,71,905/- രൂപയിൽ 4,79,100/- രൂപ 31.03.15-ൽ നിക്ഷേപിച്ചതാണ്. ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കപ്പെട്ടിട്ടില്ല.

8.ബസ്സ്റ്റാന്റ് ലേലം വരവിനത്തിൽ 5,64,000/- രൂപ വരവുവന്നിട്ടുണ്ടെങ്കിലും RP 4 പ്രകാരം വരവ് 2,89,000/- രൂപ മാത്രമാണ്. ബാക്കി തുക 2,25,000/- രൂപ Auction deposit ഹെഡിൽ വരവായി എടുത്തത് തൻവർഷത്തേക്കുള്ള വരവായി ക്രമീകരിച്ചിട്ടില്ല.

9.തടി ലേലം ഇനത്തിൽ 5,98,100/- രൂപ വരവു വന്നതിൽ 34,210/- രൂപ ഡെപ്പോസിറ്റ് ഹെഡിൽ വരവ് വെച്ചത് തൻവർഷത്തേക്കുള്ള വരവായി ക്രമീകരിച്ചിട്ടില്ല.

10.വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സാംഖ്യാ വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
11. NREGS വരവുചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഫ്രണ്ട് ഓഫീസ് കളക്ഷൻ തുക ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നതിൽ കാലതാമസം

ഓരോ ദിവസത്തെയും വരവ് തുക അതാത് ദിവസമോ തൊട്ടടുത്ത ദിവസമോ ബാങ്ക് അക്കൗണ്ടിൽ ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കെ, 10.10.2018 തീയതിയിൽ ഫ്രണ്ട് ഓഫീസിൽ വരവു വന്ന 42,282/-രൂപ 24.10.2018 തീയതിയിൽ മാത്രമാണ് തനത്ഫണ്ട് അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുള്ളത്. തുക യഥാസമയം ഒടുക്കുവരുത്താത്തതിന് പ്രസ്തുത തീയതിയിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിയിലുണ്ടായിരുന്ന സീനിയർ ക്ലാർക്ക്, കാഷ്യറുടെ ചുമതലയുള്ള സീനിയർ ക്ലാർക്ക്, അക്കൗണ്ടന്റ് എന്നിവർക്ക് സെക്രട്ടറി കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളതായി ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ പരിശോധനയിൽ കാണുന്നു. ക്യാഷ് ക്ലോസ് ചെയ്ത് പണമായി ലഭിച്ച 42,282/-രൂപ, കാഷ്യർ ഓഫീസിൽ ഇല്ലാതിരുന്നതിനാൽ ചെസ്റ്റിൽ സൂക്ഷിക്കുകയും ഡേ ബുക്കിൽ ഒപ്പ് രേഖപ്പെടുത്തി ഡേ ബുക്ക് അക്കൗണ്ടന്റിനെ ഏല്പിക്കുകയും ചെയ്തു എന്ന് ഫ്രണ്ട് ഓഫീസ് ചുമതലയുണ്ടായിരുന്ന ക്ലാർക്കും, അന്നേ ദിവസവും അതിനടുത്ത ദിവസങ്ങളിലും അടിയന്തിര സാഹചര്യങ്ങൾ കാരണം ലീവ്, മറ്റ് ഡ്യൂട്ടികൾ, പൊതു അവധി ദിനങ്ങൾ, ഓഫീസിലെ തിരക്ക് എന്നിങ്ങനെയുള്ള കാരണങ്ങൾ മൂലം തുക ബാങ്കിലടയ്ക്കുന്ന കാര്യം ഓർമ്മയിൽ വന്നില്ല എന്ന് കാഷ്യറും അക്കൗണ്ടന്റും കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയിട്ടുള്ള മറുപടിയിൽ പറയുന്നു. സാഹചര്യങ്ങൾ എന്ത് തന്നെയായിരുന്നാലും ഗുരുതരമായ കൃത്യവിലോപമാണ് ഇവിടെ മേൽപ്പറഞ്ഞ ജീവനക്കാരുടെ ഭാഗത്ത് നിന്നും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്. ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 2-2 ട്രഷറി അക്കൗണ്ടിൽ ഇല്ലാത്ത തുകകൾ ബാലൻസായി വാർഷിക കണക്കിൽ അവശേഷിക്കുന്നു.

2017-18 വാർഷിക കണക്കുകൾ ബി-17 ഷെഡ്യൂൾ പ്രകാരം ട്രഷറി VPFA 1-2 എന്ന അക്കൗണ്ടിൽ 16,91,572/- രൂപയും ട്രഷറി VPFA 1-3 ൽ 1,702/- രൂപയും ബാലൻസ് നിൽക്കുന്നു. ടി തുകയുടെ ട്രഷറി സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ ലഭ്യമല്ലെന്ന് സെക്രട്ടറി മറുപടി നൽകി. ടി തുകകൾ ഗവൺമെന്റ് പി.ഡി.അക്കൗണ്ടിൽ ലയിപ്പിച്ചതിനാൽ നിലവിൽ ബാലൻസ് ഇല്ലാത്തതായി കാണുന്നു എന്നും വാർഷിക കണക്കുകളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. ഇപ്രകാരം നിലവിലില്ലാത്ത തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ 16,93,274/- രൂപ അധികം നീക്കിയിരിപ്പ് വാർഷിക കണക്കുകളിൽ നിലനിൽക്കുന്നു. പ്രസ്തുത അക്കൗണ്ടുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച വിശദീകരണം ട്രഷറിയിൽ നിന്നും രേഖാമൂലം വാങ്ങിയതിനു ശേഷം തുടർ നടപടികൾ സ്വീകരിച്ച് ടി തുക വാർഷിക കണക്കിൽ നിന്നും ഒഴിവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3-1 വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതി പ്രകാരം 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് 3) മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ ഈ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, 19.5.18 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന നം.4(1) പ്രകാരം മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നല്കി. എന്നാൽ വിജ്ഞാപനത്തിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ സ്വകാര്യ ഹോസ്റ്റൽ/ഹോം സ്റ്റേ എന്നിവയുടെ മേൽപരാമർശിച്ചതിൽ ഒഴികെ മറ്റുള്ളവയുടെ നിരക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ സഞ്ചയയിൽ നിരക്കുകൾ രേഖപ്പെടുത്തേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 2-3-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കിൽ നിർണ്ണയിച്ചു

2017-18 വർഷം, ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ള ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനായുള്ള നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് ഇവയുടെ ഫോറം 6 പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. സഞ്ചയ പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി ഒരു ച.മീറ്ററിന് 6/- രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി 40/60 രൂപ നിരക്കിലുമാണ് നിർണ്ണയിക്കേണ്ടത്. (100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് 40/- രൂപ, 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 60/- രൂപ) ഇപ്രകാരം വാണിജ്യ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ കുറവ് വന്നിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|
| 12/29 | പി.എ.ജോസഫ്,പോളയ്ക്കൽ | പലചരക്ക് വ്യാപാരം |
| 5/242 | മോഹനകുമാർ,പൂത്തേട്ട് | കുൺ ഫാം നടത്തുന്നതിന് |
| 20/62 | ജയമ്മ തോമസ്,പൂലാനിമറ്റത്തിൽ | ഐസ് നിർമ്മാണവും വില്പനയും |
| 2/97 | സജി ജോസഫ്,പൊടിമറ്റത്തിൽ | ബോർമ്മ നടത്തുന്നതിന് |
| 7/119 | രേണു സെബാസ്റ്റ്യൻ, കരിപ്പാപറമ്പിൽ | ഹൽവ,സിറപ്പ് നിർമ്മാണം |
| 4/679 B | എം.എസ്,തങ്കപ്പൻ,പൂന്തോട്ടത്തിൽ | വീപ്പകളുടെ അറ്റകുറ്റപ്പണിയും ഇരുമ്പ് സാധനങ്ങളുടെ നിർമ്മാണവും |
| 2/388 | അനി ജി, പുതുപ്പറമ്പിൽ | ഐസ്ക്രീം സ്റ്റോക്കിംഗും വില്പനയും |
| 3/389 | പി ജെ ചാക്കോ,പന്തിരുവേലിൽ | ഭാരത് ഗ്യാസ് ഏജൻസി |
| 17/412 | കെ.യു.രാജേഷ് കുമാർ,കടയിൽ | സോഡാ നിർമ്മാണവും വില്പനയും |
| 16/508 | സുകുമാരൻ നായർ. അയ്യനോലി തകിടിയിൽ | പലചരക്ക് വ്യാപാരം |
| 14/418 | സുരേഷ് പി പാലയ്ക്കാകുഴിയിൽ | പലചരക്ക് വ്യാപാരം |
| 5/347 | എൻ.രാമകൃഷ്ണപിള്ള,പിച്ചകപ്പള്ളിൽ | ഹോളോബ്രിക്സ് നിർമ്മാണവും വില്പനയും |

മേൽകെട്ടിടങ്ങളുടെ വസ്തുനികുതി ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ പുനർ നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഡി & ഒ ലൈസൻസിനുള്ള ആദ്യത്തെ 175 അപേക്ഷകൾ പരിശോധിച്ചപ്പോൾ 12 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളാണെന്ന് വ്യക്തമാകുന്നു. അപാകത പരിഹരിക്കുന്നതിന് അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ഒക്യുപൻസി മാറ്റം വരുത്തിയതിനുശേഷം പുതിയ ലൈസൻസുകൾ 2019-20 മുതൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19 തീയതി 26.2.19) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ആകെയുള്ള 513 അപേക്ഷകളിൽ 175 അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഒക്യുപൻസി മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളത് എന്നതിനാൽ അവശേഷിക്കുന്ന അപേക്ഷകൾ കൂടി പരിശോധിച്ച് ഒക്യുപൻസി മാറിയിട്ടുള്ള സംഗതികളിലും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടങ്ങളുടെ വസ്തുനികുതി അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിനനുസരിച്ച് പുനർ

നിർണ്ണയിച്ച് വിശദാംശം ഹാജരാക്കേണ്ടതാണ്.

## 2-4 ജീവനക്കാരുടെ സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല

(എ) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്വകാര്യ ബാങ്ക്/ധനകാര്യസ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ചിപ്പീസ് ഫിനാൻസ്,പൊൻകുന്നം |
| 2 | ഫ്രണ്ട്സ് തോമസ് ചിട്ടി ഫണ്ട്,പൊൻകുന്നം |
| 3 | തൃക്കാർത്തിക ചിട്ട് ഫണ്ട്,പൊൻകുന്നം |
| 4 | ഗുഡ് വിൽ ചിട്ടി ഫണ്ട്,പൊൻകുന്നം |
| 5 | ജൂബിലി ചിട്ട്സ് & ബാങ്കേഴ്സ്, പൊൻകുന്നം |
| 6 | കാച്ചപ്പള്ളിൽ ഗോൾഡ് ലോൺ, പൊൻകുന്നം |
| 7 | ഡി.എച്ച്.എഫ്.എൽ .ഫിനാൻഷ്യൽ സർവ്വീസസ്, പൊൻകുന്നം |
| 8 | നാഷണൽ ബാങ്കേഴ്സ്, പൊൻകുന്നം |
| 9 | വികാസ് ബാങ്കേഴ്സ്, പൊൻകുന്നം |
| 10 | അത്തിയാലിൽ ബാങ്കേഴ്സ്, പൊൻകുന്നം |
| 11 | പ്രിയ ബാങ്കേഴ്സ്, പൊൻകുന്നം |
| 12 | പ്രിയ ഫൈനാൻസിയേഴ്സ്, പൊൻകുന്നം |
| 13 | വെള്ളക്കല്ലുങ്കൽ ബാങ്കേഴ്സ്, പൊൻകുന്നം |
| 14 | മന്ന ചിട്ട്സ് &ഫൈനാൻസിയേഴ്സ്, പൊൻകുന്നം |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.24,തീയതി 27.2.19) മറുപടി ലഭിച്ചിട്ടില്ല. മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ളതു കൂടാതെ അക്ഷയ കേന്ദ്രങ്ങൾ, കള്ള് ഷാപ്പുകൾ, റേഷൻകടകൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളെയും വ്യക്തികളെയും ഡിമാന്റിലുൾപ്പെടുത്തുന്നതിനും അവയിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) തൊഴിൽനികുതി രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി (ജീവനക്കാർ) അർദ്ധവർഷം | സ്ഥാപന തൊഴിൽനികുതി അർദ്ധവർഷം |
|---|---|---|---|
| 1 | ഐ.സി.ഡി.എസ്,വാഴൂർ | 1,2 | |
| 2 | ബി.എസ്.എൻ.എൽ,പൊൻകുന്നം | - | 1,2 |
| 3 | പൊൻകുന്നംകോ-ഓപ്പറേറ്റീവ് മിൽക് സൊസൈറ്റി | 1,2 | 1,2 |
| 4 | പൊൻകുന്നം മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2 | 2 |
| 5 | കോ-ഓപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ്സ്, പൊൻകുന്നം | 1,2 | - |

| | | | |
|---|---|---|---|
| 6 | സപ്ലൈകോ സൂപ്പർമാർക്കറ്റ്, പൊൻകുന്നം | 1,2 | 1,2 |
| 7 | ചിറക്കടവ് ദേവസ്വം | 1,2 | - |
| 8 | ഖാദി ആലപ്പുഴ സർവോദയ സംഘ് | 2 | 1,2 |
| 9 | സെന്റ് ആന്റണീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് | 2 | 1,2 |
| 10 | ശ്രേയസ് പബ്ലിക് സ്കൂൾ&ജൂനിയർ കോളേജ്, പൊൻകുന്നം | 2 | 2 |
| 11 | കൊശമറ്റം ഫിനാൻസ്,പൊൻകുന്നം | 1,2 | - |
| 12 | DDRCSRL ഡയഗ്നോസ്റ്റിക് സെന്റർ | - | 1,2 |
| 13 | സ്കാൻറോൺ ഡയഗ്നോസ്റ്റിക്സ് | 2 | 2 |
| 14 | പോപ്പുലർ ഫിനാൻസ്,പൊൻകുന്നം | 1 | 1 |
| 15 | ട്രാവൻകൂർ അഗ്രോ പ്രോസസ് ഇൻഡ്യാ ലിമിറ്റഡ് | 1,2 | 1,2 |
| 16 | തകിടിയേൽ ഗോൾഡ് ബസാർ | 2 | 2 |
| 17 | തകിടിയേൽ ടെക്സ്റ്റയിൽസ് | 2 | 2 |
| 18 | തകിടിയേൽ സൂപ്പർബസാർ | 2 | 2 |
| 19 | തകിടിയേൽ ഡിജി ഹോം | 2 | 2 |
| 20 | കല്യാൺ ജ്വവലേഴ്സ്, പൊൻകുന്നം | 2 | 1,2 |
| 21 | എം.ജി.എഫ് മോട്ടോഴ്സ്, പൊൻകുന്നം | - | 1,2 |
| 21 | മേമന ഫൈനാൻസ്,പൊൻകുന്നം | 1,2 | 1,2 |
| 22 | ഏയ്ഞ്ചൽ ഫൈനാൻസ്,പൊൻകുന്നം | 2 | 2 |
| 23 | സ്റ്റാർനെറ്റ് കമ്പ്യൂട്ടേഴ്സ്,പൊൻകുന്നം | 2 | 2 |
| 24 | പ്രശാന്ത് ഫിനാൻസ്,പൊൻകുന്നം | - | 2 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ/സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(സി) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204(ii)ന് അനുബന്ധമായ 1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി ചട്ടങ്ങൾ)ലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിയ്ക്കോ അല്ലെങ്കിൽ വ്യക്തിക്കോ ഓഫീസോ ജോലിസ്ഥലമോ ഉണ്ടെങ്കിൽ അങ്ങനെയുള്ള കമ്പനി ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ബിസിനസ്സ് ചെയ്യുന്നതായോ വ്യക്തി തൊഴിലിലോ കലയിലോ ജോലിയിലോ അല്ലെങ്കിൽ നിയമനത്തിലോ ഏർപ്പെട്ടിരിക്കുന്നതായോ കരുതപ്പെടുന്നതാണ്. ചട്ടം 3 പ്രകാരം ഇങ്ങനെയുള്ള ബിസിനസ്സ് അല്ലെങ്കിൽ തൊഴിൽ തുടർച്ചയായോ പലപ്പോഴായോ ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ചെയ്യുകയും എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്താൽ കമ്പനി അല്ലെങ്കിൽ വ്യക്തി തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി

കാണുന്നില്ല.

(ഡി) ഒന്നിലധികം ജീവനക്കാരെ/തൊഴിലാളികളെ ജോലിക്ക് നിയോഗിച്ചിട്ടുള്ള ധാരാളം വ്യവസായ/ഹോട്ടൽ/ ബേക്കറി സ്ഥാപനങ്ങളും തടിമില്ലുകളും ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളും മറ്റും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഡി & ഒ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സംഗതികളിൽ ചില സ്ഥാപനങ്ങൾ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളുടെ കാര്യത്തിലൊഴികെ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് അപേക്ഷകളും രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജി.ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1 | സുലഭ മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് | 12 |
| 2 | 29 | ജനസേവന കമ്മ്യൂണിറ്റി ഫാർമസി | 04 |
| 3 | 82 | കൊട്ടാരം ബേക്കേഴ്സ്,പൊൻകുന്നം | 09 |
| 4 | 84 | പാണാപറമ്പിൽ ഹാർഡ് വെയേഴ്സ്, പൊൻകുന്നം | 07 |
| 5 | 88 | കൊച്ചിൻ സാനിവെയേഴ്സ് | 09 |
| 6 | 130 | സ്റ്റോർ -24 | 06 |
| 7 | 141 | ജീസസ് ഫിഷറീസ്,പൊൻകുന്നം | 06 |
| 8 | 158 | സിമന്റ് ബ്രിക്സ് നിർമ്മാണം | 06 |
| 9 | 172 | ഇൻഡേൻ ഗ്യാസ് ഏജൻസി | 05 |
| 10 | 430 | പുന്നാംപറമ്പിൽ ഹോളോബ്രിക്സ് | 04 |

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ നൽകിയിട്ടുള്ളത്. ആയതിനാൽ, തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും വ്യക്തികളെയും ഉൾപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും അത് പ്രകാരം നികുതി ഈടാക്കേണ്ടതുമാണ്.

## 2-5 ഡി & ഒ ട്രേഡ് ലൈസൻസ്-അവലോകനം

2507 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ ലൈസൻസുള്ളവ 513 എണ്ണം മാത്രം

ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ,ഗോഡൗൺ | 1745 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 497 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 01 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, | 74 |

| | | |
|---|---|---|
| | ഷോപ്പിംഗ് മാളുകൾ | |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യുവൽ സ്റ്റേഷൻ | 12 |
| 6 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 126 |
| 7 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 52 |
| | ആകെ | 2507 |

മേൽപരാമർശിച്ച പ്രകാരം വാണിജ്യ/വ്യവസായ/ഇതര ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 2507 കെട്ടിടങ്ങളുണ്ടെങ്കിലും ലൈസൻസോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 513 എണ്ണം മാത്രമാണ്. വാണിജ്യ/ വ്യവസായ/ഇതര ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ടവയിൽ വളരെയധികം കെട്ടിടങ്ങൾ വ്യാപാര/ വ്യവസായ പ്രവർത്തനങ്ങളില്ലാതെ അടഞ്ഞു കിടക്കുന്നവയാണ് എന്ന മറുപടി ഇത്രയധികം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് പൂർണ്ണമായും ന്യായീകരണം നൽകുന്നതല്ല. ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 451 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. തൻവർഷം ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ പോലും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നത്, ലിസ്റ്റ് തികച്ചും അപൂർണ്ണമാണ് എന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുന്നു. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയും അതനുസരിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാര/വ്യവസായ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസോടെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## 2-6 മണ്ണ് ലേലം-അപാകതകൾ

പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് (റവന്യൂ രേഖകൾ പ്രകാരം പഞ്ചായത്തിന്റെ കൈവശമുള്ള സർക്കാർ ഭൂമി) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് വേണ്ടി സൈറ്റ് ക്ലിയർ ചെയ്യുന്നതിന്റെ ഭാഗമായി അധികമുള്ള 2000ഘനമീറ്റർ മണ്ണ് വിൽക്കുന്നതിന് ലേലം വിളിക്കുകയും 50,000/- രൂപയിൽ തുടങ്ങിയ ലേലം 3,61,000/- രൂപക്ക് അനീഷ് എന്നയാൾക്ക് ഉറപ്പിക്കുകയും ചെയ്തു. 29/12/2018 ലെ 118040109142, 118040109143 രസീതുകൾ പ്രകാരം 1,81,000/- രൂപയും 18/01/2019ലെ 118040109620 രസീത് പ്രകാരം1,80,000/- രൂപയും കരാറുകാരൻ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

മൂല്യനിർണ്ണയം നടത്തുന്നതിന് മുൻപ് ലേലം ഉറപ്പിച്ചു

പഞ്ചായത്ത് കമ്മറ്റിയുടെ 4/1/2019 ലെ XIX/1 നമ്പർ തീരുമാന പ്രകാരം 3,61,000/- രൂപക്ക് ലേലം ഉറപ്പിച്ചു നല്കി. എന്നാൽ ഘനമീറ്ററിന് 150/- രൂപ നിരക്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി നല്കിയത് 15/01/2019 ൽ മാത്രമാണ്. ഇത് പ്രകാരം മണ്ണിന്റെ അടിസ്ഥാന വിലയായ 3,00,000/-രൂപയിലാണ് (2000x150) ലേലം വിളി ആരംഭിക്കേണ്ടിയിരുന്നത് അടിസ്ഥാനവിലയിൽ നിന്നും വളരെ കുറഞ്ഞ തുകയിൽ ലേലം ആരംഭിച്ചത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് ഉണ്ടായ പിഴവാണ്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിൽ അപാകം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ മണ്ണ് ലേലത്തിന് തയ്യാറാക്കിയ മൂല്യമാണ് നല്കിയതെന്ന് (150/ഘനമീറ്റർ) അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ പ്രകാരം മണ്ണിന് വില നിശ്ചയിച്ചിട്ടില്ല. 2015 ലെ മൈനിംഗ് മിനറൽസ് കൺസഷൻ ചട്ടങ്ങൾ പ്രകാരം സർക്കാരിൽ അടക്കേണ്ട റോയൽറ്റി ഇനത്തിലുള്ള 40/- രൂപ ഉൾപ്പെയുള്ള തുകയാണ് മൂല്യ നിർണ്ണയത്തിന് പരിഗണിച്ചിട്ടുള്ളത്. ഇതു കൂടാതെ 1957ലെ കേരള ലാന്റ് കൺസർവൻസി ആക്ട് നിയമം 6(1&2) പ്രകാരമുള്ള സീനിയറേജ് (scigniroage)ചാർജ് ഇനത്തിൽ ഘനമീറ്ററിന് 100/- രൂപ പ്രകാരം 2,00,000/-രൂപ കൂടി സർക്കാരിലേക്ക് അടക്കേണ്ടി വന്നിട്ടുണ്ട്. ഇതു കൂടി ഉൾപ്പെടുത്തിയാൽ മണ്ണ് വില 250/ഘനമീറ്റർ ആകുമെന്നതിനാൽ മണ്ണ് വിലയിൽ കുറവും, ലേലത്തുകയിൽ നഷ്ടവും വന്നിട്ടുണ്ടോ എന്ന് വിദഗ്ധ സമിതി പരിശോധിക്കേണ്ടതാണ്.

മണ്ണ് മൂല്യ നിർണ്ണയത്തിന് നിയതമായ രീതിയില്ലെന്നിരിക്കെ മാർക്കറ്റിൽ നിലവിലുള്ള നിരക്കിൽ ക്വട്ടേഷൻ വിളിച്ച് പരമാവധി ലഭിക്കാവുന്ന തുക കണ്ടെത്തി വില നിർണ്ണയിക്കാനുള്ള സാധ്യതയും എഞ്ചിനീയറിംഗ് വിഭാഗം പരിഗണിച്ചില്ല എന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിനുണ്ടായ വീഴ്ചയാണ്.

മണ്ണിന്റെ അളവ് ടണ്ണിലേക്ക് കൺവേർട്ട് ചെയ്തിരുന്നു എങ്കിൽ ചെലവ് കുറയുമായിരുന്നു.

2015 ലെ മൈനിംഗ് മിനറൽസ് കൺസഷൻ ചട്ടങ്ങൾ പ്രകാരം സാധാരണ മണ്ണിന് റോയൽറ്റി ഇനത്തിൽ ടണ്ണിന് 20/- രൂപ അല്ലെങ്കിൽ ഘനമീറ്ററിന് 40/-രൂപയാണ്. ഇതുപ്രകാരം ലവൽ മെഷർമെന്റ് എടുത്ത് 2000 ഘനമീറ്റർ എന്ന് കണക്കാക്കിയ മണ്ണ് ടൺ കണക്കിൽ 3200 ടൺ ആണ് വരുക (ഉറച്ച മണ്ണ് 1.6 ടൺ/ഘനമീറ്റർ) ടൺ കണക്കിൽ ഇതിന് 64000/- രൂപ റോയൽറ്റി അടച്ചാൽ മതിയാകും. എന്നാൽ 2000 ഘനമീറ്ററിന് 40/- രൂപ നിരക്കിൽ 80,000/- രൂപ അടച്ചിട്ടുണ്ട്. കൂടാതെ സീനിയറേജ് (scigniroage)ചാർജ് ഘനമീറ്ററിന് 100/- രൂപ പ്രകാരം 2,00,000/- രൂപയും പഞ്ചായത്തിൽ നിന്നും അടവാക്കിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജിയിൽ നിന്നുള്ള കത്ത് പ്രകാരം ഇത് ടണ്ണിന് 50/- രൂപയാണ്. 3200 ടണ്ണിന് 50/- രൂപ പ്രകാരം 1,60,000/- രൂപ അടക്കേണ്ട സ്ഥാനത്ത് ഘനമീറ്റർ കണക്കിലെടുത്തതിനാൽ 40,000/- രൂപ കൂടുതൽ ചെലവഴിക്കേണ്ടി വന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, എഞ്ചിനീയറുടെ വാല്യുവേഷൻ കൂടി പരിഗണിച്ച് മാത്രമാണ് അവസാന നടപടികൾ സ്വീകരിച്ചതെന്ന് മറുപടി നല്കിയിട്ടുണ്ട്.
വിഷയം ഭരണസമിതി പരിശോധിക്കേണ്ടതും പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-7 കടമുറി അനധികൃതമായി കൈവശം വച്ചു- വാടക കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു

മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് 4-ാം നം. കടമുറി അനധികൃതമായി കൈവശം വെച്ചിരുന്ന ശ്രീ.ജോയി സെബാസ്റ്റ്യൻ 2013-14 വർഷം മുതൽ വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. (2016-17വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6 കാണുക). ടിയാളുമായി ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്. (WPC no.10892). നിലവിൽ ടി കടമുറി പൊളിച്ച കളഞ്ഞ സാഹചര്യത്തിൽ എന്ത് വ്യവസ്ഥ പ്രകാരമാണ് ടിയാളെ ഒഴിപ്പിച്ചത്, ടിയാളുമായുള്ള കേസിന്റെ നിലവിലെ അവസ്ഥ, ടിയാളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/25.02.2019) മറുപടി ലഭ്യമാക്കിയില്ല. ടിയാളിൽ നിന്നും ഈടാക്കാനവശേഷിക്കുന്ന വാടകകുടിശ്ശികയുടെ വിശദാംശങ്ങൾ (വാടക രജിസ്റ്റർ പ്രകാരം) ചുവടെ ചേർക്കുന്നു.

| വർഷം | മാസവാടക | സേവന നികുതി | വാർഷിക വാടക | സേവന നികുതി |
|---|---|---|---|---|
| 2013-14 | 1318 | 198 | 15816 | 2376 |
| 2014-15 | 1384 | 208 | 16608 | 2496 |
| 2015-16 | 1453 | 218 | 17436 | 2616 |
| 2016-17 | 1526 | 229 | 18312 | 2748 |
| 2017-18 | 1602 | 240 | 19224 | 2880 |
| ആകെ | | | 87396 | 13116 |

കേസിന്റെ തീർപ്പിന് വിധേയമായി വാടക കുടിശ്ശിക ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-8 പൊളിച്ചുമാറ്റിയ കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയില്ല

ചിറക്കടവ് ഗ്രാമപഞ്ചായത്ത് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ജീർണ്ണിച്ച അവസ്ഥയിലായതിനാൽ ടി കെട്ടിടം പൊളിച്ച് പുതിയകെട്ടിടം നിർമ്മിക്കുന്നതിന് 18.12.17 ലെ 10-ാം നമ്പർ തീരുമാനപ്രകാരം കമ്മിറ്റി തീരുമാനിച്ചിരുന്നു. ആയതിനാൽ കുത്തകക്കാർക്ക് കടമുറി 2018-19 വർഷം വാടകയ്ക്ക് നല്കാൻ നിർവ്വാഹമില്ലെന്നും കടമുറിയുടെ താക്കോൽ 31.3.18 നകം തിരികെ ഏൽപ്പിക്കണമെന്നും അറിയിച്ച് 29.12.17ൽ കത്ത് നല്കുകയും ആയത് പ്രകാരം കടമുറികൾ ഒഴിഞ്ഞു നല്കിയതായും കാണുന്നു. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കുത്തകക്കാരിൽ നിന്നും വാടക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | കട മുറി നം | കുത്തകക്കാരന്റെ പേര് | പ്രതിമാസ വാടക + സേവന നികുതി | കുടിശ്ശിക വരുത്തിയ കാലയളവ് | ഈടാക്കാനുള്ള വാടക + പിഴപ്പലിശ (2%) | വാങ്ങിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് | സെക്യൂരിറ്റി ഡെപ്പോസിറ്റ് കിഴിച്ച് ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | 3 | പ്രദീപ് കുമാർ എം.പി മുണ്ടു പറമ്പിൽ | 276+41 | 12/17–3/18 | 1268+55 =1323 | 2250 | - |
| 2 | 14 | ഷാജി.കെ.തോമസ് കുന്നംപുറത്ത് | 1171+176 | 12/17 – 3/18 | 16164+234 =16398 | 12240 | 4158 |
| 3 | 15 | ജോർജ്ജ് ഫിലിപ്പ് ഐക്കരേത്ത് | 1426+214 | 4/17 -3/18 | 19680+2237 =21917 | 7800 | 14117 |
| 4 | 17 | കെ.കെ. സന്തോഷ് കുമാർ ശ്രായിപ്പള്ളി | 1403+210 | 4/17 -3/18 | 19356+2189 =21545 | 18000 | 3545 |
| 5 | 18 | പി.ആർ. പ്രഭാകരൻ ചാഞ്ഞിപ്പള്ളിൽ | 1426+214 | 4/17 -3/18 | 19680+2237 =21917 | 18000 | 3917 |
| 6 | 19 | ഉല്ലാസ് ഉല്ലാസ് വില്ല | 887+160 | 9/17-3/18 | 7329+497 =7826 | 111114 | - |
| 7 | 20 | ശ്രീകുമാർ മറ്റക്കാട്ട് | 1210+182 | 4/17 -3/18 | 16704+1888 =16704 | 17500 | 1092 |
| 8 | 22 | ലതാ സതീശൻ തടങ്ങഴിക്കൽ | 1406+253 | 8/17 -3/18 | 13272+1012 =14284 | 10000 | 4284 |
| 9 | 23 | പി.കെ.രാജൻ പനക്കൽ ഹൗസ് | 1093+164 | 9/17 -3/18 | 8790+612 =9411 | 11000 | - |
| 10 | 36 | പി.സി.ദീപാകുമാരി പത്തിയിൽമന | 1060+159 | 4/17-3/18 | 14544+1654 =16198 | 14000 | 2198 |
| 11 | 37 | ലാലു.എം.റ്റി. മണ്ണാറത്ത് | 4289+643 | 9/17-3/18 | 34524+2402 = 36926 | 10000 | 26926 |
| 12 | 40 | സി.റ്റി. ജെയിംസ് കരീക്കാട്ട് | 1850+333 | 1/17 -3/18 | 6549+222 =6671 | 10500 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | 41 | വി.എസ്.സോമൻ കാവുങ്കൽ | 1338+201 | 4/17 -3/18 | 18468+2087 =20555 | 10250 | 10305 |
| 14 | 44 | കെ.ബാലചന്ദ്രൻ ഉറുമ്പിൽ | 1010+152 | 11/17 -3/18 | 5810+303 =6113 | 12500 | - |
| | | ആകെ | | | | | 70542 |

ടി വ്യക്തികളിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/25.02.19) വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല എന്നും വാടക ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നല്കി. കടമുറി ഒഴിഞ്ഞു നല്കിയ സമയത്ത് മേൽ പരാമർശിച്ച കുത്തകക്കാരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലർക്കിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വാടക കുടിശ്ശികയിനത്തിൽ നഷ്ടം വന്ന തുകയായ 70,542/- രൂപ ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-9 ടെണ്ടർ ഫോം വില്പന-ജി.എസ്.ടി ഈടാക്കിയില്ല

ടെണ്ടർ നടപടികളുടെ ഭാഗമായി,അസിസ്റ്റന്റ് എഞ്ചിനിയർ 98/8120 മുതൽ 100/8120 വരെയും 01/8124 മുതൽ16/8124 വരെയുമുള്ള രസീത് നമ്പരുകൾ പ്രകാരം ടെണ്ടർ ഫോം വിറ്റ വകയിൽ 24.10.2018 തീയതിയിൽ വരവുവന്ന 41,140/-രൂപയ്ക്ക് ആനുപാതികമായി 12% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല . കണക്കിൽ വന്ന പിഴവ് മൂലമാണ് ജി.എസ്.ടി.ഈടാക്കാൻ സാധിക്കാതിരുന്നതെന്നും ജി.എസ്.ടി ഇനത്തിലെ 4,937/-രൂപ അടവാക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.29 തീയതി 27.2.19) സെക്രട്ടറി മറുപടി ലഭ്യമാക്കി. തുകഅടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 ലേലനടപടികൾ സ്വീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ കിടക്കുന്ന മരങ്ങളും ഉപയോഗശൂന്യമായ ഉരുപ്പടികളും ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) 27-7-2017 ലെ 10(1) നം തീരുമാനപ്രകാരം മഹാത്മാഗാന്ധി ടൗൺഹാളിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന ഫർണിച്ചർ, തടി ഉരുപ്പടികൾ എന്നിവ ലേലം ചെയ്യുന്നതിനായി എസ്റ്റിമേറ്റ് എടുത്ത് ലേലനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. വാല്യുവേഷൻ എടുത്ത് നൽകുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ലേലനടപടികൾ പൂർത്തീകരിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2) 28-9-17ലെ 10(1) നം തീരുമാനപ്രകാരം 11-ാം വാർഡിൽ ചെറുവള്ളി പൊയ്കത്തോട് കലുങ്കിന് സമീപം തോട്ടുപുറമ്പോക്കിൽ ഉള്ള രണ്ട് മഹാഗണിമരങ്ങൾ ലേലം ചെയ്യുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. വാല്യുവേഷൻ എടുത്ത് ലഭിക്കുന്നതിനായി അസി.ഫോറസ്റ്റ് കൺസർവേറോട് ആവശ്യപ്പെട്ടിട്ടുള്ളതായും വാല്യുവേഷൻ എടുത്ത് ലഭിക്കുന്ന മുറയ്ക്ക് ലേലനടപടികൾ ആരംഭിക്കുമെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. വാല്യുവേഷൻ ലഭ്യമാക്കി തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3) കടപുഴകി വീണ പന, പാല എന്നിവയ്ക്ക് 30-5-17 ലെ അസി.ഫോറസ്റ്റ് കൺസർവേറ്ററുടെ കത്ത് പ്രകാരം, 59,777/-രൂപ വാല്യുവേഷൻ നിശ്ചയിച്ചിരുന്നു. ലേല നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തില്ലായെന്ന് സെക്രട്ടറി മറുപടി നൽകി. വാല്യുവേഷൻ കുറവ് ചെയ്ത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തടികൾ നശിച്ച് പോകാതെ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് -പ്ലാസ്റ്റിക് വേസ്റ്റ് നീക്കം ചെയ്യുതിന് മാനദണ്ഡങ്ങൾ പാലിക്കാതെ തുക നിശ്ചയിച്ചു

കുടുംബശ്രീ ജീവനക്കാരെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് 2016-17ൽ പ്രോജക്ട് തയ്യാറാക്കുകയും 50Kg ന് മുകളിൽ മാലിന്യം ശേഖരിക്കുന്ന വാർഡിന് 10000/- രൂപ നിശ്ചയിച്ച് 2016-17 വർഷം 1,60,000/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. 2017-18 വർഷം സ്പിൽ ഓവറായി തുടർന്ന മേൽ പ്രോജക്ടിനായി (പ്രോജക്ട് നം 41/18) 98,400/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതമായി ചെലവഴിച്ചിരുന്നു. രണ്ടു ഘട്ടമായി നടന്ന മാലിന്യം നീക്കം ചെയ്യുതിന് 2, 3, 16, 17 വാർഡുകൾക്ക് രണ്ടുതവണയായി 10,000/- രൂപ നിരക്കിൽ 20,000/-രൂപ വീതം (20000x4) നൽകുകയുണ്ടായി. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ചെലവുകൾ പരിഗണിക്കാതെ കി.ഗ്രാം 1ന് എന്ന നിരക്കിലോ വീട് 1ന് എന്ന നിരക്കിലോ നിശ്ചയിക്കാതെ 50Kgന് മുകളിൽ 10000/- രൂപ എന്ന നിരക്ക് (17-3-2017 ലെ 7(2)-ാം നം തീരുമാനം) നിശ്ചയിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി എല്ലാ വാർഡുകളിൽ നിന്നും മത്സരാധിഷ്ഠിതമായി പ്ലാസ്റ്റിക് സംഭരിക്കുന്നതിന് വേണ്ടിയാണ് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. 56Kg സംഭരിച്ച വാർഡുകളിലും 360Kg സംഭരിച്ച വാർഡുകളിലും ഒരേ നിരക്കിൽ തുക നൽകിയത് മൂലം പ്ലാസ്റ്റിക് ശേഖരണത്തിന് മത്സരം നടന്നുവെന്ന് പറയുവാൻ സാധിക്കുകയില്ല. തുക നൽകുന്നതിന് കൃത്യമായ മാനദണ്ഡം നിശ്ചയിക്കാതിരുന്നത് മൂലം ഈയിനത്തിൽ അധികച്ചെലവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

കൂടാതെ കൂടുതൽ മാലിന്യം ശേഖരിച്ച 14,16 വാർഡുകൾക്ക് 5,000/-രൂപ വീതം സമ്മാനമായി നൽകുന്നതായി ഫയലിൽ രേഖപ്പെടുത്തുകയുണ്ടായി. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ഉപയോഗിച്ച് സമ്മാനം നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച് 26.02.2019ൽ നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ബന്ധപ്പെട്ട വാർഡുകളിലേയ്ക്ക് മാറ്റി വച്ചിരുന്ന തുകയാണ് നൽകിയതെന്ന് സെക്രട്ടറി മറുപടി നൽകി. എന്നാൽ ഇത് ശരിയല്ല. ബന്ധപ്പെട്ട ഫയലിൽ 14, 16 വാർഡുകളിലെ അംഗങ്ങൾ സമ്മാനമായി ലഭിക്കുവാനുള്ള 5,000/- രൂപയ്ക്കുള്ള അപേക്ഷ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം വിനിയോഗ മാനദണ്ഡങ്ങൾ ലംഘിച്ച് ചെലവഴിക്കുന്നത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ശബരിമല ഗ്രാന്റ്

1) ശബരിമല ഗ്രാന്റ് -വിനിയോഗം പൂർണ്ണമല്ല

2017-18 വർഷം ശബരിമല സ്പെഷ്യൽ ഗ്രാന്റിനത്തിൽ 5 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേയ്ക്കാണ് ക്രഡിറ്റ് ചെയ്യുന്നത്. തീർത്ഥാടകർക്ക് പ്രയോജനം ലഭിയ്ക്കത്തക്ക രീതിയിൽ വിവിധ ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ, കുടിവെള്ള ടാങ്ക് വിതരണം, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് 2017-18 വർഷത്തെ ചെലവ്. ഗ്രാന്റ് തുകകളുടെ വരവ്, ചെലവ് നീക്കിയിരിപ്പ് വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 3,81,676/- |
| 2017-18 വർഷത്തെ വരവ് | 5,00,000/- |
| ആകെ | 8,81,676 |
| ചെലവ് | 5,19,560/- |
| ബാലൻസ് | 3,62,116/- |

ശബരിമല സ്പെഷ്യൽ ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകകൾ തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് വിനിയോഗിക്കാതെ തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്ത് മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത്

ശരിയായ നടപടിയല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/26.02.19) 2018-19 വർഷം ടി തുക കൂടി ഉൾപ്പെടുത്തിയാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നതെന്ന് സെക്രട്ടറി മറുപടി നൽകി. ശബരിമല ഗ്രാന്റ് ശബരിമല തീർത്ഥാടകർക്ക് പൂർണ്ണമായും പ്രയോജനപ്പെടത്തക്ക വിധത്തിൽ വിനിയോഗിക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

2) ശബരിമല തീർത്ഥാടകർക്ക് കുടിവെള്ളസംഭരണി വാങ്ങൽ-കരാർ വച്ചിട്ടില്ല

ശബരിമല തീർത്ഥാടകർക്ക് കുടിവെള്ളസൗകര്യം ഒരുക്കുന്നതിനായി 5000 ലിറ്റർ കപ്പാസിറ്റിയുള്ള 6വാട്ടർടാങ്കുകൾ 1,53,000/- രൂപ ചെലവഴിച്ച് PMM& Sons, ചേനപ്പാടി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയുണ്ടായി. വിവിധ ക്ഷേത്രങ്ങൾക്കുൾപ്പെടെ വാട്ടർ ടാങ്കുകൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ നൽകിയ സ്ഥാപനങ്ങളൊന്നും തന്നെ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരുന്നില്ല. വാട്ടർടാങ്കുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ഉപയോഗമില്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിന് തിരികെ ഏൽപ്പിക്കുന്നതിനും വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് കരാർ വയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ വെറ്ററിനറി ഹോസ്പിറ്റൽ, സ്പെ.സബ് ജയിൽ എന്നിവിടങ്ങളിൽ സ്ഥാപിച്ച വാട്ടർ ടാങ്കുകൾ ശബരിമല തീർത്ഥാടകർക്ക് എങ്ങനെ പ്രയോജനപ്പെടുന്നു എന്നതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വെറ്ററിനറി ഹോസ്പിറ്റലിന്റെ സമീപമുള്ള ക്ഷേത്രത്തിൽ ശബരിമല തീർത്ഥാടകർ വിരിവയ്ക്കാറുള്ളതാണെന്നും ആവശ്യമുള്ളപക്ഷം തിരികെ നൽകാം എന്ന ധാരണയിലാണ് സബ് ജയിലിന് ടാങ്ക് അനുവദിച്ചതെന്നും സെക്രട്ടറി മറുപടി നൽകി. ഇത് ശരിയായ നടപടിയല്ല. ശബരിമല ഗ്രാന്റ് ശബരിമല തീർത്ഥാടകർക്ക് പൂർണ്ണമായും പ്രയോജനപ്പെടത്തക്കരീതിയിൽ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 സ്വയം തൊഴിൽ സംരംഭം -ഉണിസഞ്ചി നിർമ്മാണം -പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. : 405/18
പ്രോജക്ട് : സ്വയംതൊഴിൽ സംരംഭം – ഉണി സഞ്ചി നിർമ്മാണം
അടങ്കൽ : 4,50,000/- രൂപ
ചെലവ് : 4,50,000/- രൂപ (വികസനഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

സ്വയം തൊഴിൽ സംരംഭം-ഉണിസഞ്ചി നിർമ്മാണം എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി 4,50,000/- രൂപ പിൻവലിച്ച് സിൻഡിക്കേറ്റ് ബാങ്കിലുള്ള സിഡിഎസ് അക്കൗണ്ടിൽ (അക്കൗണ്ട് നം.43522200015791) നിക്ഷേപിച്ചിരുന്നു. എന്നാൽ ഉണിസഞ്ചി നിർമ്മാണം എങ്ങനെ ആരംഭിക്കണം എന്നത് സംബന്ധിച്ചോ പരിശീലനം നൽകൽ, ഏതൊക്കെ കുടുംബശ്രീകളെ ഉൾപ്പെടുത്തി നിർവ്വഹണം നടത്തണം എന്നത് സംബന്ധിച്ചോ യാതൊരു രൂപരേഖയും ഇല്ലാതെയാണ് ഇത്തരത്തിൽ ഒരു പ്രോജക്ട് ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്തത്. വ്യക്തമായ ആസൂത്രണം ഇല്ലാതെ പ്രോജക്ട് തയ്യാറാക്കിയതിനാൽ പ്രോജക്ട് നിർവ്വഹണം എന്നത് പ്ലാൻഫണ്ട് പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ നിക്ഷേപിക്കുക എന്ന പ്രവൃത്തിയിൽ മാത്രമൊതുങ്ങിയതായി കാണുന്നു. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 4,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി ലക്ഷ്യം കൈവരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പ്രവർത്തനമില്ലാത്ത പകൽവീടിന് ഫർണീച്ചർ വാങ്ങൽ - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. : 394/18
പ്രോജക്ട് : പകൽ വീടിന് ഫർണിച്ചർ വാങ്ങൽ
അടങ്കൽ : 2,00,000/- രൂപ
ചെലവ് : 1,99,820/- രൂപ (വികസനഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ പള്ളിപ്പടി ഭാഗത്ത് ജില്ലാപഞ്ചായത്തിൽ നിന്നും നിർമ്മാണം നടത്തി

ഗ്രാമപഞ്ചായത്തിന് കൈമാറിനൽകിയ പകൽവീടിന് ഫർണീച്ചർ വാങ്ങുന്നതിനായി കണ്ടത്തിൽ ചിറയിൽ ട്രേഡ് ലിങ്ക്സ്, വൈക്കം എന്ന സ്ഥാപനത്തിൽ നിന്നും 1,99,820/- രൂപ ചെലവഴിച്ച് താഴെ പറയുന്ന ഫർണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.

1) ടെലിവിഷൻ - 1( 42" @58,890/-) = 58,890/-

2) സ്റ്റീൽ അലമാര - 1 @14,600/- = 14,600/-

3) കട്ടിൽ - 20 എണ്ണം @4,350/- = 87,000/-

4) പ്ലാസ്റ്റിക് കസേര - 20 എണ്ണം @648/- = 12,960/-

5) സ്റ്റീൽ ടേബിൾ - 6 എണ്ണം @4395/- = 26,370/-

ആകെ 1,99,820/-

എന്നാൽ 27-2-2019ൽ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത കെട്ടിടത്തിൽ നടത്തിയ പരിശോധനയിൽ തടി ഉപകരണങ്ങൾ (2കട്ടിലുകൾ 1 മേശ ഒഴികെ) കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കുന്നതായി കാണപ്പെട്ടു. എന്നാൽ പകൽ വീട്ടിൽ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ലായെന്ന് വ്യക്തമായി. ടി കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ചിരുന്നുവെങ്കിലും ഇലക്ട്രിക് കണക്ഷൻ ലഭിച്ചിരുന്നില്ല. വൈദ്യുതി കണക്ഷൻ ഇല്ലാത്ത കെട്ടിടത്തിന് ടെലിവിഷൻ വാങ്ങി ഒരു വർഷത്തോളമായി കണക്ട് ചെയ്യുക പോലും ചെയ്യാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരുന്ന നടപടി സർക്കാർ ഫണ്ട് ദുരുപയോഗമാണ്. ടി കാലയളവിൽ ഗ്യാരണ്ടി കാലാവധി കഴിയുന്നതും ടി.വി.യ്ക്ക് എന്തെങ്കിലും നിർമ്മാണതകരാറുകളോ സാങ്കേതികതകരാറുകളോ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സാദ്ധ്യതയും ഇല്ലാതാവുന്നു. ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപനം പ്രവർത്തനസജ്ജമായതിന് ശേഷം മാത്രം വാങ്ങൽ നടത്തേണ്ടതിന് പകരം കണക്ഷൻ പോലുമില്ലാത്ത കെട്ടിടത്തിന് വേണ്ടി വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന നടപടി ഫണ്ട് ചെലവഴിക്കുക എന്ന ഉദ്ദേശത്തോടെ മാത്രമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.




*പ്രവർത്തനമില്ലാത്ത പകൽവീട്*

മേൽ പരാമർശിച്ച അപാകതളാൽ പ്രോജക്ടിനായുള്ള 1,99,820/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ ഏർപ്പെടുത്തി ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പകൽവീട് പ്രവർത്തനസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 തെരുവുവിളക്ക് മെയിന്റനൻസ് -നടപടിക്രമങ്ങളിൽ അപാകത

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം തെരുവുവിളക്ക് മെയിന്റനൻസിനായി 2 പ്രോജക്ടുകൾ തയ്യാറാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | 10/18 | 362/18 |
| അടങ്കൽ | 3,00,000(CFC) | 4,20,000 |
| ചെലവ് | 2,28,610 | 2,60,440 |
| കരാറുകാരൻ | അലക്സ് ആന്റണി | അലക്സ് ആന്റണി |
| നിർവ്വഹണോദ്യോഗസ്ഥൻ | | സെക്രട്ടറി |

മേൽ പറഞ്ഞ രണ്ടു പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഒരേതരം പ്രവൃത്തികൾക്കായി 2 പ്രോജക്ടുകൾ തയ്യാറാക്കി

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി ഒറ്റ പ്രോജക്ട് തയ്യാറാക്കി ഇ ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ കൂടുതൽ മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ലഭിക്കുകയും അതുവഴി കൂടുതൽ മെച്ചപ്പെട്ട സേവനവും സാമ്പത്തികനേട്ടവും കൈവരുമായിരുന്നു. കൂടാതെ 2 പ്രോജക്ടുകൾ തയ്യാറാക്കി വെവ്വേറെ ടെൻഡർ നടപടികൾ സ്വീകരിച്ചതു വഴിയുള്ള അധികച്ചെലവും ഒഴിവാക്കാമായിരുന്നു.

2) രണ്ടു പ്രോജക്ടുകൾക്കും കരാർ കാലാവധി 1-1-2018 മുതൽ 31-12-2018 വരെയായിരുന്നു. ദർഘാസ് പരസ്യത്തിൽ 1വർഷക്കാലം പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം തകരാർ പരിഹരിക്കേണ്ടതാണെന്നും തുക 4 ഗഡുക്കളായി മാത്രമേ നൽകുകയുള്ളൂവെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 31-3-2018 ന് രണ്ടു പ്രോജക്ടുകൾക്കും പകുതിയിലേറെ തുക ഒറ്റത്തവണയായി നൽകുകയുണ്ടായി.

3) മെയിന്റനൻസ് ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി., ഐടി എന്നിവ ഈടാക്കിയിരുന്നില്ല.

4) 2x11W LED ലൈറ്റിന് 879/- രൂപ, 2x36W LED ലൈറ്റിന് 1,156/- രൂപ എന്ന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഉഷ ഇലക്ട്രിക്കൽസ് സിസ്റ്റംസ് എന്ന സ്ഥാപനത്തെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത അലക്സ് ആന്റണി പന്തിരുവേലിൽ എന്നയാളുടെ 2x11W LED ലൈറ്റിന് 1,400/- രൂപ, , 2x36W LED ലൈറ്റിന് 1,950/- രൂപ എന്ന ക്വട്ടേഷൻ അംഗീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു (17-10-17 ലെ 2(2)-ാം നം. തീരുമാനം). ഉഷ ഇലക്ട്രിക്കൽസിനെ ഏൽപിച്ചാൽ 3 മാസം കൂടുമ്പോഴെ പഞ്ചായത്തിൽ എത്തുകയുള്ളൂവെന്നും ആദ്യമെയിന്റനൻസ് കഴിഞ്ഞാലുടൻ 50% തുക നൽകണമെന്നും അറിയിച്ചതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് സ്ഥാപനം ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയതായി കാണുന്നില്ല. ടെൻഡർ നോട്ടീസിലെ നിബന്ധനകൾ അംഗീകരിച്ച് കരാറിൽ പങ്കെടുത്ത സ്ഥാപനത്തിന് 4 ഗഡുക്കളായി മാത്രമേ തുക ആവശ്യപ്പെടാൻ അർഹതയുള്ളൂവെന്നതും നിലവിൽ കരാർ നൽകിയ കരാറുകാരന് 50% അധികം തുക ഒറ്റത്തവണയായി നൽകിയതും കണക്കിലെടുത്താൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തയാളെ ഒഴിവാക്കുവാൻ മതിയായ കാരണങ്ങളില്ലായിരുന്നു എന്ന് വ്യക്തമാകുന്നു. കൂടാതെ കൂടിയ നിരക്ക് ക്വോട്ട് ചെയ്ത അലക്സ് ആന്റണിയുമായി നെഗോസിയേഷൻ നടത്തി 2x11W LED ലൈറ്റിന് 875/- രൂപ, 2x36W LED ലൈറ്റിന് 1,140/- രൂപ എന്ന നിരക്കിൽ കുറച്ചിരുന്നു. കൂടിയ നിരക്ക് ക്വോട്ട് ചെയ്തയാളുമായി നെഗോസിയേഷൻ നടത്തുന്നത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്.

ടെൻഡർ നടപടികളിലെ മേൽപറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി - പ്ലാൻഫണ്ട് തുകകൾ പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

2017-18 വർഷം, ആശ്രയ പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുകകൾ പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. ചെലവ് ശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും അതോടെ മറ്റ് പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. വിവിധ പ്രോജക്ട് പ്രകാരം സി.ഡി.എസ്. അക്കൗണ്ടിൽ നിക്ഷേപിച്ചതും ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | ചെലവഴിച്ച തുക | നിർവ്വഹണോ ദ്യോഗസ്ഥൻ | അക്കൗണ്ട് നം. |
|---|---|---|---|

| | | | |
|---|---|---|---|
| 7/18 ആശ്രയ പദ്ധതി | 2,00,000 | സെക്രട്ടറി | 622102010004328 സിൻഡിക്കേറ്റ് ബാങ്ക് |
| 402/18 ആശ്രയപദ്ധതി | 10,00,000 | സെക്രട്ടറി | 43522200015791 സിൻഡിക്കേറ്റ് ബാങ്ക് |
| 19/18 ആശ്രയ പദ്ധതി(എസ് റ്റി) | 25000 | അസി.സെക്രട്ടറി | 622102010004328 സിൻഡിക്കേറ്റ് ബാങ്ക് |
| 20/18 ആശ്രയപദ്ധതി (എസ് സി) | 2,00,000 | അസി.സെക്രട്ടറി | 622102010004328 സിൻഡിക്കേറ്റ് ബാങ്ക് |
| ആകെ | 1425000 | | |

ആശ്രയപദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളെന്തെങ്കിലും നടത്തി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം15) രണ്ടുഘട്ടങ്ങളിലേയും ആശ്രയപദ്ധതികൾ അവസാനിച്ച സാഹചര്യത്തിൽ 'അഗതി വിമുക്ത കേരളം' എന്ന പേരിൽ പദ്ധതി പുതുക്കുവാൻ നിർദ്ദേശം ലഭിക്കുകയും പുതുക്കിയ പദ്ധതിയ്ക്ക് 2018-19 ൽ മാത്രമാണ് അംഗീകാരം ലഭിച്ചതെന്നും സെക്രട്ടറി മറുപടി നൽകി. പദ്ധതി അംഗീകാരം ലഭിക്കുന്നതിന് മുൻപ് തന്നെ പ്ലാൻ ഫണ്ട് തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. പുതുക്കിയ പദ്ധതിയ്ക്കായി 2020-21 കാലഘട്ടം വരെ 3.81 കോടി രൂപ അനുവദിച്ചിട്ടുള്ളതായും 2017-18 വർഷം സി.ഡി.എസ്.അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത 14.25 ലക്ഷം രൂപ ഉൾപ്പടെ തൻവർഷം ചെലവഴിക്കുമെന്നും അറിയിച്ചിരുന്നു. 2017-18 വർഷം ആശ്രയ അക്കൗണ്ടിലേക്ക് മാറ്റി നൽകിയ 14.25ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-7 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-കരാർ വച്ചിട്ടില്ല - 6,92,542/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ സ്ഥാപനങ്ങളിൽ നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല. വിശദാശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം., പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|
| 1 | 323/18 പ്ലാസ്റ്റിക് റീസൈക്ലിങ്ങ് യൂണിറ്റ് | 2,00,000 (ബിൽ നം 7/31-7-2017) | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് |
| 2 | 403/18 തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ, സ്ട്രീറ്റ് മെയിൻ വലിക്കൽ | 4,92,542(ബിൽ നം 42,44/31-3-2018) | കെഎസ് ഇബി |
| | ആകെ | 6,92,542/- | |

ക്രമ നം. 2 ലെ പ്രോജക്ടിന് ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ടിരുന്നില്ല. പ്രസ്തുത പ്രോജക്ടുകൾ അതാത് ഏജൻസികൾ നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/26.02.2019) പ്രവൃത്തി നടന്നുവരുന്നതായും പൂർത്തിയാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെടുന്നതിന് നടപടി സ്വീകരിക്കേണ്ടതും മേൽ പറഞ്ഞ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം മോണിറ്ററിങ്ങ് റിപ്പോർട്ട് സഹിതം ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 6,92,542/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ബാലസഭ -പരിധിയിൽ കവിഞ്ഞ് തുക വകയിരുത്തി

2017-18 വർഷം ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭാ ചെലവുകൾക്കായി പ്രോജക്ട് നം.14/18 പ്രകാരം 1,00,000/-രൂപ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ (അക്കൗണ്ട് നം 622102010004328) നിക്ഷേപിച്ചിരുന്നു. ടി തുക പൂർണ്ണമായും തൻവർഷം ചെലവഴിച്ചിരുന്നില്ല. ബാലസഭയ്ക്കായി നിക്ഷേപിച്ച തുകകൾ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സിഡിഎസ് അക്കൗണ്ടിൽ നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|
| 2016-17 | 35000(13-2-17) | 6771 | 28229 |
| 2017-18 | 1,00,000(9-11-17) | 13500 | 86500 |
| ആകെ | | | 1,14,729 |

ഇതിൽ 1-4-18 ന് ശേഷം 6-9-18 വരെ 22,030/- രൂപ ചെലവഴിച്ചതിന് ശേഷം ബാലസഭയ്ക്കായി പിൻവലിച്ച തുകയിൽ 92,699/- രൂപ അവശേഷിക്കുന്നു. വികസനഫണ്ടിൽ നിന്നും മുൻകൂറായി തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുകയും അതാത് വർഷം ചെലവഴിക്കാതിരിക്കുകയും ചെയ്യുന്ന നടപടി ക്രമപ്രകാരമല്ല.

3-4-2017 ലെ സ.ഉ.(എംഎസ്)നം.80/17/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ ബാലസഭാ പ്രവർത്തനങ്ങൾക്കായി കുറഞ്ഞത് 25,000/- രൂപ നീക്കി വയ്ക്കണം എന്നും സ.ഉ.(സാധാ)നം 1363/2015/തസ്വഭവ എന്ന ഉത്തരവ് പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്ക് വകയിരുത്താവുന്ന തുക പരമാവധി 35,000/- രൂപയാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. പരമാവധിയിൽ അധികരിച്ച് തുക വകയിരുത്തിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) അധികമായി അനുവദിച്ച തുക കുടുംബശ്രീ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും തുക പിൻവലിച്ച് ഒടുക്ക് വരുത്തി വിവരം അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. 2016-17, 2017-18 വർഷങ്ങളിൽ ചെലവഴിക്കേണ്ടിയിരുന്നതും പരമാവധിയിൽ അധികരിച്ച് പിൻവലിച്ചതും നാളിതുവരെ ചെലവഴിക്കാതിരിക്കുകയും ചെയ്ത 92,699/- രൂപ സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 3-9 റോഡ് പ്രവൃത്തികൾ -ബാരൽ വില ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2017-18വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാക്ക്ഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ വില (238+18%GST) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാത്തതുമൂലം വിവിധ വർക്കുകളിലെ കരാറുകാർക്ക് അധികം തുക നൽകുവാൻ ഇടയാവുകയും തൻമൂലം സർക്കാർ ഫണ്ട് അധികമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം & പേര് | ഉപയോഗിച്ച ബിറ്റുമിൻ (in Kg) | | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ബാരലിന്റെ വില @281 |
|---|---|---|---|---|---|
| | | RS1 | S65 | | |
| 1 | 105/18<br>തെക്കേത്തുകവല കുളമ്പാട്ടു കവല റോഡ് റോഡ് മെയിന്റനൻസ് | 86.93 | 1036.29 | 7 | 1967 |
| 2 | 92/18<br>ഏന്തയിൽപ്പടി എൻ.എസ്.എസ് കരയോഗം റോഡ് റീടാറിംഗ് | 283.705 | 3213.73 | 23 | 6463 |
| 3 | 93/18 | 272.42 | 2875.08 | 19 | 5339 |

| | | | | | |
|---|---|---|---|---|---|
| | കൊല്ലമലപ്പടി മണ്ണംപിലാവ് റോഡ് മെയിന്റനൻസ് | | | | |
| 4 | 91/18<br>സനാതനം കാരിപ്പൊയ്ക സ്കൂൾ റോഡ് മെയിന്റനൻസ് | 255 | 2768.98 | 16 | 4496 |
| 5 | 99/18<br>നേതാജി കാരക്കാമറ്റം റോഡ് റീ ടാറിംഗ് | 71.10 | 829.38 | 5 | 1405 |
| 6 | 100/18<br>കളരിപ്പടി തെക്കേപ്പടി റോഡ് മെയിന്റൻസ് | 122.07 | 1425.35 | 10 | 2810 |
| 7 | 94/18<br>കുന്നേൽ ഗവ.എൽ.പി.എസ് കടമ്പനാട്ടുപടി റോഡ് മെയിന്റൻസ് | 137.88 | 1514.02 | 10 | 2810 |
| 8 | 101/18<br>വാഴവേലിപ്പടി ചാങ്ക് പടി റോഡ് മെയിന്റൻസ് | 142.56 | 1617.49 | 11 | 3091 |
| 9 | 83/18<br>ശാന്തി പത്താശ്ശാരി റോഡ് മെയിന്റൻസ് | 227.28 | 2488.33 | 16 | 4496 |
| | ആകെ | | | | 32,877 |

ഇപ്രകാരം ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/27.02.19) തുക ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കി . കുറവു വന്ന 32,877/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-10 ഗുണഭോക്തൃസമിതി കൺവീനർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധികം തുക നല്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | ചേപ്പുംപാറ ഉറുമ്പിപ്പടി റോഡ് മെയിന്റനൻസ് -146/18 |
| അടങ്കൽ | 420802/-<br>(മെയിന്റനൻസ് ഫണ്ട്- റോഡ്) |
| ചെലവ് | 414361 |
| ബിൽ നം | 85/18.3.18 |
| കൺവീനർ | കെ.ആർ ഷൈജ |
| എഗ്രിമെന്റ് നം. | 133/16-17/AE/LSGD/ Sn/CHRDKV/29.3.17 |
| എം, ബുക്ക് നം. | 136/17 ,137/17 |

| | |
|---|---|
| കൺവീനർക്ക് തുക കൊടുത്തതിന്റെ വിവരം | IOBA 126101000003024 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗുണഭോക്തൃസമിതി ചെയ്യുന്ന പ്രവൃത്തികളിൽ 10% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 1/7/17 മുതൽ ജി.എസ്.ടി നിലവിൽ വരുകയും.സ.ഉ.(അച്ചടി) 87/17 ത.സ്വ.ഭ.വ 1.11.17 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി കിഴിവ് ചെയ്യുന്നത് ജി.എസ്.ടി കൗൺസിൽ താൽക്കാലികമായി ഒഴിവാക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ നികുതി ഇനത്തിൽ 3% തുക കൺവീനറിൽ നിന്നും ഈടാക്കുകയും 7% കുറച്ചുള്ള തുക പിൻവലിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. (കൺവീനർക്ക് യഥാർത്ഥ ചെലവിന് മാത്രമേ അർഹതയുള്ളൂ. ഓവർഹെഡ് ചാർജ്ജിന് അർഹതയില്ല). ഓവർഹെഡ് ചാർജ്ജിനത്തിൽ 10% എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ള തുക പിൻവലിക്കുകയും 3% നികുതി കിഴിച്ചുള്ള തുക കൺവീനർക്ക് നല്കുകയും ചെയ്തപ്പോൾ ഓവർഹെഡ് ചാർജിനത്തിൽ 7% അനർഹമായി കൺവീനർക്ക് നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നല്കിയത് | നൽകേണ്ടത് |
|---|---|---|
| ആകെ വേലമൂല്യം | 414361 | 414361 |
| എസ്റ്റിമേറ്റിൽ അധികം വകയിരുത്തിയ 7% കുറക്കുക | - | 29005 |
| പിൻവലിക്കേണ്ട തുക | | 385356 |
| കുറയ്ക്കുക-ഐ.ടി (2%) | 8287 | 8287 |
| KBOCWWF (1%) | 4144 | 4144 |
| ബാരൽ വില | 5336 | 5336 |
| കൺവീനർക്കുള്ള തുക | 396594 | 367589 |

ഇപ്രകാരം 29,005/ -രൂപ (396594 -367589) കൺവീനർക്ക് അധികമായി നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അധിക തുക ഈടാക്കുന്നതിന് കൺവീനർക്ക് കത്ത് നല്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ഓവർഹെഡ്ചാർജിനത്തിൽ അധികം നൽകിയ 29,005/- രൂപ ബന്ധപ്പെട്ട കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 3-11 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് ഓവർ ഹെഡ്ചാർജ് അധികം നൽകി

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നിർമ്മാണം നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും 10% ഓവർഹെഡ്ചാർജ് ഉൾപ്പെടുത്തിയുമായിരുന്നു. ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-12-2016 ലെ Ind&pw-B2/266/2016-Fin കത്ത്, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11-5-17 ലെ ഡിബി3/6512(B)/ 13/CE/തസ്വഭവ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് അനുവദിച്ചാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ ബിൽ തുകയിൽ നിന്നും ഓവർഹെഡ്ചാർജ് ഇനത്തിൽ അധികമായി 2.5%തുക കൂടി കൺവീനർക്ക് നൽകാനിടയായി.

| പ്രോജക്ട് നം. &പേര് | ആകെ വേലമൂല്യം | നൽകാവുന്ന തുക | അധികം നൽകിയ തുക | ബിൽ നം | കൺവീനർ |
|---|---|---|---|---|---|
| 66/18 നടുവിലാത്തുപടി വെട്ടിക്കാപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | 48473 | 48473x1.075/1.10 =47371 | 1102 | 26/17.7.17 | അനിൽകുമാർ |

| | | | | | |
|---|---|---|---|---|---|
| 104/18 തെക്കേത്തു കവല ഭജനമഠം റോഡ് മെയിന്റനൻസ് | 133095 | 133095x1.075/1.10 =130070 | 3025 | 43/31.3.18 | കെ.ആർ.നാരായണൻ നായർ |
| 143/18 വ്യാപാര ഭവൻ റോഡ് മെയിന്റനൻസ് | 97607 | 97607x1.075/1.10 =95389 | 2218 | 64/31.1.18 | ഷാജി.ടി.കെ |
| ആകെ | | | 6345 | | |

ഇപ്രകാരം 6345 /-രൂപ കൺവീനർമാർക്ക് അധികമായി നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/27.02.19) അധികം നല്കിയ തുക ഈടാക്കുന്നതിന് കൺവീനർമാർക്ക് കത്ത് നല്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കി. ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം നൽകിയ 6345/- രൂപ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 3-12 കർഷകമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എൽ.ബി എസ് ന് അധിക മുൻകൂർ നല്കി

ചിറക്കടവ് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്ര പ്രകാരം പഞ്ചായത്ത് കൈവശഭൂമിയിൽ ഉള്ള മാർക്കറ്റ് കെട്ടിടം നിലനിന്ന സ്ഥലത്ത് 5കോടി രൂപയുടെ നബാർഡ് സഹായത്തോടെ 49 മുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 400/18 നമ്പരായി പ്രോജക്ട് തയ്യാറാക്കുകയും അവശ്യം വേണ്ട അനുമതികൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാന ടൗൺ ആയ പൊൻകുന്നത്ത് നടക്കുന്ന നിർമ്മാണം നഗരവികസനത്തിനും പഞ്ചായത്തിന്റെ തനതുവരുമാനം ഗണ്യമായി വർദ്ധിക്കുന്നതിനും സഹായകമായ പ്രോജക്ടായാണ് വിലയിരുത്തുന്നത്.

ജി.ഒ(എം.എസ്)287/2015 ഫിൻ തീ 14/07/2015 പ്രകാരം 30 ലക്ഷത്തിൽ കൂടുതൽ അടങ്കലുള്ള നബാർഡ് RIDF ട്രാഞ്ചെ 23 പ്രോജക്ടുകളുടെ ക്വാളിറ്റി കൺട്രോൾ ചുമതല എൽ.ബി.എസ്.നെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിനുള്ള ഫീസ് വേലമൂല്യത്തിന്റെ 0.75% ആണ് ഇത് 25% വീതമുള്ള 4 ഘട്ടങ്ങളായി നൽകിയാൽ മതിയാകും. ആൻസൺ ഗ്രൂപ്പ് തയ്യാറാക്കിയ സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പരിശോധിക്കുന്നതിന് എസ്റ്റിമേറ്റിന്റെ 0.5% ആയ 295000/-രൂപ (ചെക്ക്നം 617896 തീ 14/318 പ്രകാരം 123536+171464 (ചെക്ക് നംപർ തീയതി ലഭിച്ചില്ല) എൽ.ബി.എസ് ഇതിനോടകം കൈപ്പറ്റിയിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ 2കോടിക്ക് മുകളിലുള്ള മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകേണ്ടത് ചീഫ് എഞ്ചിനീയറാണ്. ഈ സാഹചര്യത്തിൽ പ്രത്യേക ഫീസില്ലാതെ തന്നെ സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പരിശോധിച്ച് ആധികാരികമാക്കുമെന്നതിനാൽ പ്രത്യേകഫീസ് നല്കി ഈ ചുമതല എൽ.ബി.എസ് നെ ഏൽപിച്ചതിന് കാരണം വ്യക്തമല്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പിന്റെ 2/1/1995 ലെ ജി.ഒ(ആർ.റ്റി)2/95/എൻ.എ.ഡി ഉത്തരവ് ഹാജരാക്കിയിട്ടുണ്ട്. ഈ ഉത്തരവ് നഗരസഭകൾക്ക് ബാധകമായതും പഞ്ചായത്ത് രാജ് നിലവിൽ വന്നതോടെ കാലഹരണപ്പെട്ടതുമാണ്. പ്രവൃത്തി നടക്കുന്ന വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കിയെങ്കിൽ മാത്രം 0.75% കൺസൽട്ടൻസി ചാർജ് എൽ.ബി.എസ് ന് നല്കിയാൽ മതിയെന്നിരിക്കെ മുൻകൂറായി 0.5% നല്കിയത് ക്രമാനുസൃതമല്ല. ക്വാളിറ്റി കൺട്രോൾ പരിശോധനകൾ എൽ.ബി.എസ്. നടത്തിയാൽ മാത്രം നല്കുന്ന ഫൈനൽബില്ലിൽ കൺസൽട്ടൻസി ചാർജ് 0.75% ൽ അധികമാകുന്നില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-13 ശാന്തിതീരം ഗ്യാസ് ക്രിമറ്റോറിയം -കൺസൽട്ടൻസി ഫീസ് അധികം നല്കിയത് തിരികെ ഈടാക്കണം

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 1.25 ഏക്കർ സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ ശാന്തിതീരം ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വളരെയേറെ തിരക്കുള്ള കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് അന്തരീക്ഷമലിനീകരണം കുറഞ്ഞ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിച്ചിട്ടുള്ളത്. സംസ്കാര ചടങ്ങുകൾക്ക് സ്ഥലപരിമിതി മൂലം ബുദ്ധിമുട്ടുന്നവർക്കും സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്കും പഞ്ചായത്ത്

ഉടമസ്ഥതയിലുള്ള ഗ്യാസ് ക്രിമറ്റോറിയം സഹായകരമാണ്.

ക്രിമറ്റോറിയത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത് ആൻസൺ ഗ്രൂപ്പാണ്. സാങ്കേതിക അനുമതി ലഭിച്ച 1,44,44,000/- രൂപയുടെ പ്രോജക്റ്റിന് കൺസൽട്ടൻസി ഫീസായി 3,36,545/-രൂപ (ഡിഡി നം. 584393/7-2-2017, 133393+203152 (ഡി.ഡി. നംപർ ലഭ്യമല്ല) തനത് ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. ഹാജരാക്കിയിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിനൊപ്പമുള്ള എസ്റ്റിമേറ്റിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിടം | 8154481.00 |
| സെപ്റ്റിക് ടാങ്ക് | 120296.00 |
| സാനിട്ടറി വർക്സ് | 171013.00 |
| വാട്ടർ സപ്ലൈ | 131488.00 |
| മുറ്റം | 2497501.00 |
| മഴവെള്ള സംഭരണി | 326967.00 |
| ആകെ സിവിൽ വർക്കുകൾ | 11401746/- |
| ഇലക്ട്രിഫിക്കേഷൻ | 1000000/- |
| ഉപകരണങ്ങൾ | 2290000/- |
| ആകെ | 14691746 |

അടങ്കലിൽ 10 ലക്ഷം രൂപ ഇലക്ട്രിഫിക്കേഷന് വേണ്ടി എസ്റ്റിമേറ്റിൽ Lump sum ആയി വകയിരുത്തിയിരുന്നു. ഇലക്ട്രിഫിക്കേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതും സൂപ്പർ വിഷൻ നടത്തിയതും ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള എഞ്ചിനീയർമാരുടെ പാനലാണ്. ഇതിന് 4% തുക ഫീസായി നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ക്രിമറ്റോറിയത്തിനാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്തത് സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനമാണ്. സ്വന്തം നിലയിൽ നിർമ്മിക്കുന്ന ഉപകരണങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും ഇവർ തന്നെയാണ്. ഇലക്ട്രിഫിക്കേഷൻ, ഉപകരണങ്ങൾ എന്നിവയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ആൻസൺ ഗ്രൂപ്പിന് കൺസൽട്ടൻസി ഫീസിന് അർഹത ഇല്ല. സിവിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയ ആൻസൺ ഗ്രൂപ്പിന്, ഇലക്ട്രിഫിക്കേഷൻ, ഉപകരണങ്ങൾ എന്നിവ ഒഴികെയുള്ള വർക്കുകളുടെ എസ്റ്റിമേറ്റ് തുകയായ 1,14,01,746/- ന്റെ 2.33% ആയ 2,65,660/- രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂ എന്നിരിക്കെ 3,36,545/- രൂപ നല്കിയതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/26.02.19) മറുപടി നൽകിയില്ല. സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് ഹാജരാക്കേണ്ടതും ആൻസൺ ഗ്രൂപ്പിന് അധികം നല്കിയ 70,885/-രൂപ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

## 3-14 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം-മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്ട് നം. 338/18

പ്രോജക്ട് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

അടങ്കൽ 1,00,000/-

ചെലവ് 99,125/- (വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം (പ്രോ.നം 338/18) എന്ന പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. സ.ഉ.(എംഎസ്)80/2017/തസ്വഭവ തീയതി 03.04.17 ഖണ്ഡിക 32-10ൽ രജിസ്റ്റർ ചെയ്ത യുവജനക്ലബുകൾക്ക് 2,000/- രൂപയിലധികമാകാതെ സ്പോർട്സ് ഉപകരണങ്ങൾ നൽകാമെന്നും എല്ലാ ക്ലബുകളിൽ നിന്നും അപേക്ഷ സ്വീകരിച്ച് അവരുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കുമനുസരിച്ച് സാമ്പത്തിക പരിധിയ്ക്ക് വിധേയമായി

ഉപകരണങ്ങൾ നൽകാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ സംബന്ധിച്ച് യൂത്ത് ക്ലബ് ഏകോപന സമിതി ആലോചിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

- എന്നാൽ സ്പോർട്സ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യൂത്ത് ക്ലബ് ഏകോപന സമിതി രൂപീകരിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.
- ക്ലബുകൾക്ക് ആവശ്യമുള്ള സാധനങ്ങൾ എഴുതി വാങ്ങുകയോ,അവരുടെ സാദ്ധ്യതകൾ പരിശോധിക്കുകയോ ചെയ്തിട്ടില്ല.
- സ്പോർട്സ് കിറ്റ് വിതരണത്തിന് ക്ലബുകളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡം രൂപീകരിച്ചിട്ടില്ല.
- സർക്കാർ ഉത്തരവ് (എം.എസ്) 80/2017 തസ്വഭവ തീ 3-4-2017 പ്രകാരം ഒരു സംഘടനയ്ക്ക് 2,000/- രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നതാണ്. എന്നാൽ 10 ക്ലബുകൾക്ക് കിറ്റ് വിതരണം ചെയ്യുന്നതിന് 2000/- രൂപ പ്രകാരം 20000/- രൂപ ചെലവഴിക്കാമെന്നിരിക്കെ ബിൽ നം.4/22-398 പ്രകാരം 99,125/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഈയിനത്തിൽ 79,125/- രൂപ അധികം ചെലവഴിച്ചു (99125 -20000).

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/22.02.19) ഡി.പി.സി അംഗീകരിച്ചതിനാലും, തുകപരിധി സംബന്ധിച്ച് അറിവില്ലാതിരുന്നതിനാലുമാണ് അപാകത ഉണ്ടായതെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. അധികം ചെലവഴിച്ച തുകയ്ക്ക് ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. അല്ലാത്ത പക്ഷം അധികം ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-15 ബാലസഭ യോഗപരിശീലനം -ഫലപ്രദമായില്ല

2017-18 വർഷം, ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി 65,300/- രൂപ വികസനഫണ്ട് ചെലവഴിച്ച് നടപ്പിലാക്കിയതാണ് ബാലസഭ യോഗപരിശീലനം (പ്രോ.നം 337/18). പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. തനത് ഫണ്ടിൽ നിന്നും 65,300/- രൂപ ചെലവഴിച്ച പദ്ധതിയിൽ 57,300/- രൂപയും ചെലവഴിച്ചിട്ടുള്ളത് ടീഷർട്ട്, പാന്റ് എന്നിവ വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനാണ്. 2017-18 ലെ പദ്ധതി മാർഗ്ഗരേഖപ്രകാരം വസ്ത്രങ്ങൾ, യൂണിഫോം എന്നിവ (പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഒഴികെ) സർക്കാർ ധനസഹായം ചെലവഴിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇൻസ്ട്രക്ടർക്ക് വേതനം നല്കുന്നതിന് മാത്രമാണ് നിലവിൽ അനുമതി ഉള്ളതായി കാണുന്നത്.

2. യോഗക്ലാസ് 3മാസങ്ങളിലായി 20 എണ്ണം നടന്നെങ്കിലും 4 സ്കൂളുകളുള്ളതിനാൽ ഒരു കുട്ടിക്ക് ഫലത്തിൽ 5 ക്ലാസുകൾ മാത്രമാണ് ലഭിച്ചത്. 3 മാസത്തിനുള്ളിൽ 5 ക്ലാസുകൾ മാത്രം ലഭിച്ചാൽ യോഗ പരിശീലനം ഫലപ്രദമായി എന്ന് വിലയിരുത്താൻ കഴിയില്ല.

3. ഗവ.എൻ.എസ് എൽ.പി.എസ് തെക്കേത്തുകവല ഒഴികെയുള്ള സ്കൂളുകളിൽ ക്ലാസ് നടന്നതിന്റെ അറ്റന്റൻസ് ലഭിച്ചിട്ടില്ല. ആയതിനാൽ യോഗ ക്ലാസ് നടന്നിട്ടുണ്ടോ എന്ന് വ്യക്തമല്ല.
4. രേഖകൾ പ്രകാരം 216 കുട്ടികൾ യോഗ പരിശീലനത്തിൽ പങ്കെടുത്തെങ്കിലും യൂണിഫോം വിതരണം 191 കുട്ടികൾക്ക് മാത്രമാണ് നൽകിയിട്ടുള്ളത്.

മേൽപറഞ്ഞ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/26.02.19) തൃപ്തികരമായ മറുപടിയല്ല നല്കിയിരിക്കുന്നത്. പ്രോജക്ടുകൾ തുടർവർഷങ്ങളിൽ ഏറ്റെടുക്കുമ്പോൾ മോണിറ്ററിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും മേൽനോട്ടം ഉണ്ടാകേണ്ടതാണ്.

## 3-16 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ-മരുന്ന് പൂർണ്ണമായി ലഭിച്ചില്ല - 13,591/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം -26/18
അടങ്കൽ -200000
ചെലവ് -200000

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ,ഹോമിയോ

യു.റ്റി.ആർ നം 4000000292905460 തീയതി.23/10/17പ്രകാരം 200000/-രൂപ ഹോംകൊ യ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ 1,86,409/- രൂപയുടെ മരുന്നുകൾ മാത്രമെ ഹോംകൊ യിൽ നിന്നും ലഭിച്ചിട്ടുള്ളു. 13,591/-രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു.

13,591/-രൂപയുടെ മരുന്നുകൾ ലഭിക്കാത്തതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം5/22.2.19) മരുന്നു നിർമ്മാണത്തിനുള്ള കാലതാമസം മൂലം പല ഗഡുക്കളായാണ് മരുന്ന് ലഭിക്കുന്നതെന്നും ലഭിക്കാനുള്ള മരുന്നുകൾ ഉടൻ ലഭിക്കുമെന്ന് ഹോംകൊ യിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി. മരുന്നുകൾ പൂർണ്ണമായി ലഭ്യമാകാത്ത സാഹചര്യത്തിൽ 13,591/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-17** വാറ്റ് ഇനത്തിൽ വകയിരുത്തിയ തുക കൺവീനർക്ക് നല്കിയത് ക്രമപ്രകാരമല്ല.

ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കുള്ള നികുതി വിഹിതം ഓവർഹെഡ് ചാർജ് ആയി എസ്റ്റിമേറ്റിൽ വകയിരുത്തുകയും ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ഈ തുക കുറച്ച് കരാറുകാരന് നല്കുകയും നികുതി വിഹിതം അതാത് വകുപ്പുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കുകയുമാണ് ചെയ്യുന്നത്. 7.5% ഓവർഹെഡ് ചാർജ് ആയി എസ്റ്റിമേറ്റിലുൾപ്പെടുത്തിയ താഴെ പറയുന്ന പ്രവൃത്തികളിൽ വാറ്റ് ഒഴിവാക്കിയതിനാൽ നികുതിയിനത്തിൽ 3% തുകയുടെ ചെലവ് മാത്രമേ ഉണ്ടായിട്ടുള്ളൂ (ഐ.റ്റി 2%, വെൽഫയർഫണ്ട് 1%). ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ വേലമൂല്യത്തിൽ നിന്നും ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ വകയിരുത്തിയ 5% കുറച്ച് വേലമൂല്യം കണക്കാക്കേണ്ടതായിരുന്നു. സർക്കുലർ നം. ഡി.ബി3-9058/1/ സി.ഇ/ എൽ.എസ്.ജി.ഡി തീ 16/3/2018 ൽ ഇത് വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇത് ചെയ്യാതിരുന്നതു മൂലം വേലമൂല്യത്തിന്റെ 5% കൺവീനർക്ക് അധികമായി നല്കിയിട്ടുണ്ട്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | പ്രോജക്റ്റ്<br>പ്രോജക്റ്റ് നംപർ<br>കൺവീനർ<br>അടങ്കൽ<br>ആകെ വേലമൂല്യം<br>കൺവീനർക്ക് നല്കിയതുക | വാറ്റ് ഇനത്തിൽ വകയിരുത്തി കൺവീനർക്ക് അധികം നല്കിയ തുക |
|---|---|---|
| 1 | കളമ്പുകാട്ട്അങ്കണവാടിമെയിന്റനൻസ്(പ്രോ.നം281/2018)<br>കെ.എൻ ചന്ദ്രദാസ്<br>300000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്<br>215627/-(വേലമൂല്യം)<br>209158/-(കൺവീനർക്ക് എസ്.ബി.ഐ യുടെ 57040650186 അക്കൗണ്ടിൽ 28/3/2018ൽ നല്കി)<br>ബിൽനം 131/28-3-2018 | 10781/- |
| 2 | അരീക്കൽ കുടിവെള്ള പദ്ധതി<br>130/2018 | 4970/- |

| | | |
|---|---|---|
| | ജയിംസ് ജോസഫ്<br>100000/-(തനത് ഫണ്ട്)<br>99400/-(വേലമൂല്യം)<br>95424/-(കൺവീനർക്ക് എസ്.ബി.ഐ യുടെ 67210609812 അക്കൗണ്ടിൽ 28/3/2018 ൽ നല്കി) | |
| 3 | ഗ്യാസ് ഗോഡൗൺ-തുണ്ടത്തിൽ പടിറോഡ് മെയിന്റനൻസ്<br>89/2018<br>ശശാങ്കൻ കെ,എസ്<br>330000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)<br>329718/-(വേലമൂല്യം)<br>319827/-(കൺവീനർക്ക് ഐ.ഒ.ബി യുടെ 341701000001812 അക്കൗണ്ടിൽ 12/3/2018 ൽ നല്കി)<br>ബിൽനം 76/15-3-2018 | 16486/- |
| | ആകെ | 32237/- |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/26.02.19) മറുപടി നല്കിയിട്ടില്ല. കൺവീനർക്ക് അധികം നല്കിയ 32,237/- രൂപ കൺവീനർമാരിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | ശ്മശാന നിർമ്മാണം പൂർത്തീകരണം (386/18) | 25,00,000/- | 31.01.2018 | 0 | 25,00,000/- |
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | അങ്കണവാടി പോഷകാഹാരം (183/18) | 83330/- | 27.07.2017 | 83330/- | 0/- |
| | പാലിന് സബ്സിഡി (165/18) | 491667/- | 24.08.2017 | 491667/- | ഇല്ല |
| | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്( 185/18) | 50,000/- | 28.09.2017 | 50,000/- | 0/- |

ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പ്രത്യേക ട്രഷറി അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്.

## 4-2 നിക്ഷേപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ജല അതോറിറ്റിയിലും കെ.എസ്.ഇ.ബി.യിലും സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| KSEB | തെരുവ് വിളക്ക് സ്ഥാപിക്കൽ (403/18) | 492542/- | 31.03.2018 | ഇല്ല | 492542/- |
| | മുട്ടുത്തുകവല ജലസേചനപദ്ധതിയ്ക്ക് ട്രാൻസ് ഫോർമർ വാങ്ങൽ (404/18) | 800263/- | 31.03.2018 | ഇല്ല | 800263/- |
| | KSEB യിൽ ആകെ | 1292805/- | - | ഇല്ല | 1292805/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | 87946/ഡി.ബി.1/13/ത. സ്വ.ഭ.വ. തീ.11.2.14 &സ.ഉ(എം.എസ്)83/13/ ത.സ്വ.ഭ.വ തീ.11.3.15 | 6000000 | 2174860. | 1000000 | 451741 | 1174860 |

2013-14 വർഷം മുതൽ വായ്പയിനത്തിൽ നൽകിയ തുക ബാങ്ക് തെറ്റായി പലിശയിനത്തിൽ കുറവുവരുത്തുകയും സർക്കാരിൽ നിന്നും പലിശ ഇനത്തിൽ തുക ലഭിച്ചത് ബാങ്കിൽ നൽകിയതിൽ 18,414/- രൂപയുടെ വ്യത്യാസം വന്നിട്ടുള്ളതായി കാണുന്നു. വാർഷികകണക്കുകളിൽ 18,414/- രൂപയുടെ വ്യത്യാസം കാണുന്നു.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 13402276.65 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ വരവ്) | 963162 |
| ആകെ | 14365438.65 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 14365438.65 |

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി | പലിശ % |
|---|---|---|---|

| | | | |
|---|---|---|---|
| സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നം.4352458000015 | 14365438.65 | 1 വർഷം<br>15.07.17 മുതൽ 14.07.18വരെ | 7% |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് |
|---|---|---|---|
| 2011-12 | 3-3 | 2000 | രവീന്ദ്രൻ.പി.ജി, സീനിയർ ക്ലാർക്ക് |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 14,03,75,636.44/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,81,42,401/- |
| വരവിനങ്ങളിലുള്ള നഷ്ടം | 70,542/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,71,349/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,81,313/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-8 | 70,542/- | -- | ശ്രീ.അജേഷ് കുമാർ, സെക്ഷൻ ക്ലർക്ക്<br>ശ്രീ.എ.ഒ.അജ്ജ , സെക്രട്ടറി |
| 3-9 | | 32,877/- | ശ്രീ.ജയപ്രകാശ് പി.എൻ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 29,005/- | ശ്രീ.ജയപ്രകാശ് പി.എൻ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 6,345/- | ശ്രീ.ജയപ്രകാശ് പി.എൻ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | | 70,885/- | ശ്രീ.ദിലീപ്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | | 32,237/- | ശ്രീ.ജയപ്രകാശ് പി.എൻ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 70,542/- | 1,71,349/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 4,50,000 | ശ്രീ.എ.ഒ.അജ്ജ , സെക്രട്ടറി |
| 3-4 | 1,99,820 | ശ്രീ.എ.ഒ.അജ്ജ , സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 12,00,000 | ശ്രീ.എ.ഒ.അജു , സെക്രട്ടറി |
| 3-6 | 2,25,000 | ശ്രീ.പി.എച്ച്.ഷാജിഹാൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 2,00,000 | ശ്രീമതി സൂസി ജോസഫ്, സെക്രട്ടറി |
| 3-7 | 4,92,542 | ശ്രീ.എ.ഒ.അജു , സെക്രട്ടറി |
| 3-16 | 13,951 | ഡോ.റോയ് മാത്യു, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 27,81,313 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജേഷ് കുമാർ, സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക്,<br>വട്ടവട ഗ്രാമപഞ്ചായത്ത്, ഇടുക്കി | ഞാറമറ്റം, കാടമുറി<br>പരിയാരം പി.ഒ.<br>കോട്ടയം-686021 |
| ശ്രീ.എ.ഒ.അജു , സെക്രട്ടറി | സെക്രട്ടറി,<br>ചിറക്കടവ് ഗ്രാമപഞ്ചായത്ത് | അലീന ഇല്ലം<br>വടക്കേപേഴൂറ്റുകുഴി, നെയ്യാറ്റിൻകര |
| ശ്രീ.ജയപ്രകാശ് പി.എൻ.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | നന്ദനം<br>മംഗളം സ്കൂളിന് സമീപം, ഏറ്റുമാനൂർ – 686631 |
| ശ്രീ.ദിലീപ്കുമാർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>അടമാലി ബ്ലോക്ക് പഞ്ചായത്ത് | പാറെകാട്ടിൽ<br>അമ്മൻകോവിൽ റോഡ്, ഏറ്റുമാനൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90&<br>1990-91 | എൽ.എഫ്.കെ.പി3-1245/94/3.5.94/12.7.94 | - |
| 1991-92&<br>1992-93 | എൽ.എഫ്.കെ.പി5-712/96/15.4.97/5.7.97 | |
| 1993-94 | എൽ.എഫ്.കെ.പി3 – 514/97/27.2.98/8.3.99 | |
| 1994-95 | എൽ.എഫ്.കെ.പി3 – 449/99/21.6.99/9.8.99 | |
| 1996-97 | എൽ.എഫ്.കെ.പി4 –930/2000/15.11.00/4.12.00 | |

| | | |
|---|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.കെ.പി4 – 68/00/9.5.00/8.7.02 | |
| 1999-00 | കെഎസ്എ.കെടിഎം.പി5(അദാ-2018)201(1)/18/27.02.18 | 12 |
| 2000-01 | കെഎസ്എ.കെടിഎം.പി5(അദാ-2018)201(2)/18/27.02.18 | |
| 2001-02 | എൽ.എഫ്.കെ.പി4 – 648/04/14.2.05/1.8.05 | |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4 – 673/05/16.12.05/6.2.06 | |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11 – 681/06/23.12.06/16.1.07 | |
| 1998-99 | എൽ.എഫ്.കെ.പി11 – 1064/07/25.2.08/4.4.08 | |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി5 – 1065/07/26.5.08/30.7.08 | |
| 2003-04 | എൽ.എഫ്.കെ.പി5 – 1066/07/26.5.08/30.7.08 | |
| 2004-05 | എൽ.എഫ്.കെ.പി5 – 1084/07/26.5.08/30.7.08 | |
| 2005-06 | കെഎസ്എ.കെടിഎം.പി5(അദാ-2018)201(3)/18/02.02.18 | 3 |
| 2006-07 | കെഎസ്എ.കെടിഎം.പി5(അദാ-2018)201(4)/18/02.02.18 | 3 |
| 2007-08 | എൽ.എഫ്.കെ.പി5 – 435/10/11.11.15 | 3 |
| 2008-09 | എൽ.എഫ്.കെ.പി5 – 436/10/11.11.15 | 2 |
| 2009-10 | എൽ.എഫ്.കെ.പി5 – 694/11/4.12.12 | |
| 2010-11 | കെഎസ്എ.കെടിഎം.പി5(അദാ-2018)201(5)/18/02.02.18 | 9 |
| 2011-12 | എൽ.എഫ്.കെ.പി5 – 497/13/12.7.14 | |
| 2012-13 | എൽ.എഫ്.കെ.പി5 – 1500/14/29.2.16 | 15 |
| 2013-14 | കെ.എസ്.എ.കെ.ടി.എം പി5/319/2017/തീ.02.06.17 | 27 |
| 2014-15 | കെ.എസ്.എ.കെ.ടി.എം പി5/622/18/16.04.18 | 24 |
| 2015-16 | കെ.എസ്.എ.കെ.ടി.എം പി5/393/18/03.03.18 | 14 |
| 2016-17 | കെ.എസ്.എ.കെ.ടി.എം പി5/88/18/23.01.18 | 15 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.5/217/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 04.04.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം